بسم الله الرحمن الرحيم

# BOYCOTT ? OR, NO BOYCOTT ?

*Addressed to Mr. Moussa Taujoo,*
*His Central Managing Committee,*
*The Ahmadi Mullas And The Ahmadis*


## IMAM, MUNIR AHMAD AZIM, JAMAAT-UL-SAHIH-AL-ISLAM

Translated By

*R. Jamaludin Raother / Ameer Jamaat-Ul-Sahih-Al-Islam,*
*South Kerala, India.*


# സാമൂഹ്യ ബഹിഷ്ക്കരണം ഉണ്ടോ? അതോ ഇല്ലയോ?


ഹസ്രത് മുനീർ അഹ്മദ് അസീം ഖലീഫ്ത്തുല്ലാഹ്

പരിഭാഷകൻ: ആർ.ജമാലുദ്ദീൻ റാവുത്തർ
അമീർ, ജമാത്തുസ്സഹീഹിൽ ഇസ്ലാം, കേരളാ സൗത്ത്, ഇൻഡ്യ

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*

# *Preface*

بسم الله الرحمن الرحيم

The present book entitled '**Boycott? Or, No Boycott?**', written by **Hadhrat Imam Muhyi-ud-Din Al Khalifatullah Munir Ahmad Azim Saheb (atba) of Mauritius** in 2014, makes an important contribution to the debates around the anti-Islamic policy of "social boycott" being aggressively implemented by the Nizam-e-Jamaat-e-Ahmadiyya in recent times. The profound forensic examination and clinical arguments of Hadhrat Khalifatullah (atba), unravelling the roots and branches of this anti-human policy of the Jamaat-e-Ahmadiyya, is compulsory reading for all Ahmadi Muslims who care about their foundational beliefs and the 'directions' of their Jamaat in recent times.

As most Ahmadis know, despite preaching **'Love for All, Hatred for None'** to the world; the **Jamaat-e-Ahmadiyya (Qadian),** in Mauritius, India and beyond, has a standing official policy of ***socially boycotting*** all those who accept or support the Divine servant Hadhrat Munir Ahmad Azim Sahib (atba) of Mauritius. Ever since the official expulsion of this recipient of Divine Revelations in the year 2001, the Nizam-e-Jamaat has been hell-bent on dissuading common Ahmadis from taking spiritual benefit and solace from recognizing this Elect of Allah (swt). The policy in practice has meant that members of the *Jamaat-e-Ahmadiyya* are to break up the ties of blood and of family and kinship with their close relatives and family friends, only because the latter chose to follow and thereby, exercise their freedom of conscience, personal conviction, and individual choice on a question of profound spiritual import for all Muslims- the Islamic duty and spiritual obligation to recognize and accept and work with the Divine Elect of their times.

Indeed, by applying the policy of social boycott on fellow Ahmadis, the Nizam-e-Jamaat today seeks to defend the indefensible. They mix and blur the legitimate and the prohibited- to make it look like the good and the bad are indistinguishable. The duplicity, stupidity, hatred and sectarian prejudice behind the social boycott agenda is self-evident in its contradictory strands and ironic implications. Ahmadis who boycott their fathers and brothers and sisters for accepting the Divine Manifestation display sectarian bigotry and mindless prejudice. Those who incite people to apply social boycott against fellow beings take themselves as lords beside Allah. Instead of reforming morals and redeeming social fractures; they divide people to further their narrow agenda. Such hubris will bite the dust, today or tomorrow: the common folks will eventually see through the gaping holes, break the ranks and join the onward march of the Divine plans for our times, ***Insha Allah, Aameen.***

The present Malayalam translation of the Book by **Mukarram Amir R. Jamaluddin Raother Saheb of Mathra** is a welcome addition to the growing literature of the Jamaat Ul Sahih Al Islam in Kerala, ***Alhamdulillah, Summa Alhamdulillah.***

Rabi'ul Awwal 1440 AH | Hazrat Mukarram Fazil Jamal
November 2018 | Jamaat Ul Sahih Al Islam International

بسم الله الرحمن الرحيم

# BOYCOTT ? OR, NO BOYCOTT ?

## സാമൂഹ്യ ബഹിഷ്ക്കരണം ഉണ്ടോ? അതോ ഇല്ലയോ?

ജമാ അത്തുസ്സഹീഹിൽ ഇസ്ലാം ഇമാം മുനീർ അഹ്മദ് അസീം അവർകൾ മൂസാ താജു അവർകളെയും അദ്ദേഹത്തിന്റെ കേന്ദ്ര നിർവ്വാഹക സമിതി അംഗങ്ങളെയും, അഹ്മദിമുല്ലാമാരേയും, അഹ്മദികളെയും അഭി സംബോധനചെയ്തു സംസാരിക്കുന്നു.

അപ്പോൾ അവർ നിന്നെ നിഷേധിച്ചുവെങ്കിൽ (അതിൽ ഒരു പുതമയുമില്ല.) വ്യക്തമായ ദൃഷ്ടാന്തങ്ങളും ഏടുകളും വെളിച്ചം വീശുന്ന (പ്രമാണ) ഗ്രന്ഥവും കൊണ്ടുവന്ന പലപ്രവാചകന്മാരും നിനക്കുമുമ്പ് നിഷേധിക്കപ്പെട്ടിട്ടുണ്ട്. (3: 185)

ക്ഷമയോടെ അല്ലാഹുവിന്റെ സഹായം അന്വേഷിച്ചുകൊണ്ടിരിക്കുകയും അങ്ങനെ അല്ലാഹുവിൽ നിന്നു വരുന്ന സത്യത്തെ സ്വീകരിക്കുവാനും അംഗീകരിക്കുവാനും കഴിയുന്ന എല്ലാവർക്കും അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു.

### അനുഗ്രഹം അമീറിന്റെ വീക്ഷണത്തിൽ:-

ഭൗതികതയുടെ പുറകെ പോവുകയും, ആത്മീയനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്യുന്ന ആളുകളുടെ കാര്യം ദുഃഖകരം തന്നെ. ഹസ്രത് മസീഹ് മൗഊദ് (അ) ന്റെ ജമാ അത്തിൽ, ഖലീഫയുടെ പ്രതിനിധിയായ ഒരു അമീർ, ജലസാസാലാനയിൽ പ്രസംഗിച്ചപ്പോൾ ഭൗതിക നേട്ടങ്ങളെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട് ഇപ്രകാരം പറയുകയുണ്ടായി. അഹ്മദികളായ നമുക്ക് അല്ലാഹു വളരെയധികം അനുഗ്രഹങ്ങൾ നല്കിയിരിക്കുകയാണ്; ആ അനുഗ്രഹങ്ങൾ നമുക്ക് മുമ്പുണ്ടായിരുന്നില്ല.. അദ്ദേഹം തുടർന്നു പറഞ്ഞു. ദാറുസ്സലാം പള്ളിയുടെ മുറ്റത്ത്, പണ്ട് ഒന്നോ രണ്ടോ കാറുകൾ മാത്രമാണ് ഉണ്ടായിരുന്നത്; ഇന്നോ പള്ളിയുടെ മുറ്റത്ത് പാർക്ക് ചെയ്യാൻ കഴിയാത്ത വിധം വാഹനങ്ങളുടെ ആധിക്യം ഉണ്ടായിരിക്കുകയാണ്. അനുഗ്രഹങ്ങളുടെ പട്ടിക നിരത്തിക്കൊണ്ട് അദ്ദേഹം തുടർന്നു. ഇന്ന് നമുക്ക് വീട്ടു സാധനങ്ങൾ വളരെയധികം കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വാഷിംഗ് മെഷീൻ, റൈസ് കുക്കേഴ്സ് തുടങ്ങിയവ. അമീർ പറയുന്നത് ഈ പറയപ്പെട്ട അനുഗ്രഹങ്ങൾ വളരെ വലിയ അനുഗ്രഹങ്ങളായി അമീർ കൊട്ടിഘോഷിക്കുന്നു. എന്നാൽ ഞാൻ പറയുന്നു ഈ വക അനുഗ്രഹങ്ങൾ, അവിശ്വാസികൾക്കും, ബഹുദൈവാ

രാധകർക്കും, മസീഹ് മൗഊദ് (അ) ൽ വിശ്വസിക്കാത്ത ഇതര ഇസ്‌ലാമിലെ വിഭാഗങ്ങൾക്കും, ഒരു പക്ഷേ ഇതിനേക്കാൾ കൂടുതൽ ലഭിച്ചിട്ടുണ്ടാകും.

അഹ്മദിയ്യാ ജമാ അത്തിന്റെ ഒരു അമീർ, ഈ രീതിയിൽ സംസാരിക്കുമ്പോൾ, നാം ഒരു കാര്യം മനസ്സിലാക്കണം, അഹ്മദിയ്യത്തിന്റെ അധ്യാപനം, യഥാർത്ഥ ഇസ്‌ലാമിന്റെ അധ്യാപനം, ഈ അമീർമാർ ചവിട്ടിമെതിക്കുകയാണ്. ഇവിടെ ഈ അമീർ സംസാരിക്കുന്നത് ഭൗതികാനുഗ്രഹങ്ങളെക്കുറിച്ചാണ്. എന്നാൽ അല്ലാഹുവും അവന്റെ റസൂലും (സ) ഇസ്‌ലാം മതവും അനുഗ്രഹം കൊണ്ട് പൊതുവായി അർത്ഥമാക്കിയതെന്താണ്?

## സൂറ : അൽ ഫാത്തിഹയുടെ പ്രാധാന്യം

ഒരു മുസ്‌ലിമിനെ സംബന്ധിച്ചടത്തോളം അഞ്ചു നേരം നമസ്കാരം നിർബന്ധമാണ്. അതിലെ ഓരോ റക്ക അത്തിലും സൂറ: അൽഫാത്തിഹ ഓതൽ നിർബന്ധവുമാണ്. ഇനി ആരെങ്കിലും സൂറ : അൽഫാത്തിഹ ഓതുന്നില്ലെങ്കിൽ അവന്റെ പ്രാർത്ഥന നിരർത്ഥകമാണ്. ഇനി ഒരു റക്കഅത്തിൽ സൂറ: അൽ ഫാത്തിഹ ഓതാൻ മറന്നു പോയെങ്കിൽ അത അവൻ ഓർക്കുമ്പോൾ, ഓതി പൂർത്തിയാക്കേണ്ടതാണ്. എങ്കിൽ മാത്രമെ നമസ്കാരം പൂർണ്ണമാവുകയുള്ളൂ. ചുരുക്കത്തിൽ സൂറ : ഫാത്തിഹയ്ക്ക് വമ്പിച്ച പ്രാധാന്യമുണ്ട്. വിശുദ്ധ ഖുർ ആന്റെ ഒന്നാം അധ്യായമായി അതിന് സ്ഥാനം ലഭിച്ചിട്ടുണ്ട്. വിശുദ്ധ ഖുർ ആന്റെ പ്രവേശനാധ്യായമായി സൂറ: അൽഫാത്തിഹ വിളിക്കപ്പെടുന്നു.

## സൂറ: അൽഫാത്തിഹ ചൂണ്ടികാണിക്കുന്ന യഥാർത്ഥ അനുഗ്രഹത്തെക്കുറിച്ച് ചിന്തിക്കുക.

പ്രവേശനാധ്യായത്തിൽ, 7 വചനങ്ങളാണുള്ളത്. ഈ 7 വചനങ്ങളിൽ എല്ലാം പ്രാധാന്യം അർഹിക്കുന്നതു തന്നെയാണ്. അതിലെ 6 ഉം 7 ഉം വചനങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഈ വചനങ്ങളിൽ/അഥവാ ദുആയിൽ നാം അല്ലാഹുവിനോട് ചോദിക്കുന്നത് ഞങ്ങളെ നീ നേരായ പാതയിൽ നയിക്കേണമെ! നീ അനുഗ്രഹം ചെയ്തവരുടെ പാതയിൽ (നയിക്കേണമെ!) നിന്റെ കോപത്തിനു പാത്രമായവരുടെയോ, വഴി പിഴച്ചുപോയവരുടെയോ (പാതയകരുതേ!)

മൂസാ താജുവിനോടും, അദ്ദേഹത്തിന്റെ സഹായികളോടും, മുല്ലാക്കളോടും എനിക്കു ചോദിക്കുവാനുള്ള ഒരു ചോദ്യം ? ഏതു രീതിയിലുള്ള അനുഗ്രഹങ്ങളാണ് മുകളിൽ പറയപ്പെട്ടിട്ടുള്ള വചനങ്ങളിലൂടെ ആവശ്യപ്പെടുന്നത്? കാറുകൾ, അരിപൊടിപ്പു യന്ത്രങ്ങൾ, അലക്ക് യന്ത്രങ്ങൾ മുതലായവയാണോ ? നിങ്ങളുടെ നമസ്കാരത്തിലെ ഓരോ റക്കഅത്തിലും നിങ്ങൾ അല്ലാഹുവിനോട് ചോദിക്കുന്നത് മുകളിൽ പറയപ്പെട്ട തരത്തിലുള്ള അനുഗ്രഹങ്ങളാണോ ?

അല്ലാഹുവിന്റെ കോപത്തിനു പാത്രമായവരുടെ പാതയിൽ നിന്നുള്ള സംരക്ഷണമല്ലേ ആവശ്യപ്പെടുന്നത് ? വഴിപിഴച്ചു പോയവരുടെ പാതയിൽ നിന്നുള്ള സംരക്ഷണമല്ലേ യാചിക്കുന്നത് ? അല്ലാഹുവിന്റെ കോപത്തിന് പാത്രമായവർ ആരാണ് ? പ്രത്യേക വഴി തെരഞ്ഞെടുത്ത് വഴി തെറ്റിപ്പോയവർ ആരാണ് ? ദൈവീക ദൃഷ്ടാന്തത്തിൽ / വെളിപാടുകളിൽ വിശ്വസിച്ചവരായിരുന്നുവോ ? അല്ലാഹുവിന്റെ ദൂതന്റെ ആഗമനത്തിൽ വിശ്വസിച്ചവരായിരുന്നുവോ ?

## അഹ്മദിയ്യാജമാ അത്തിലെ നേതാക്കന്മാർ ഇസ്ലാമിന്റെ അധ്യാപനങ്ങളെ ചവിട്ടിമെതിക്കുന്നു അവർ സ്വയം ഉന്നതരാണെന്നു കരുതുന്നു

വിശുദ്ധഖുർആനിൽ പറയപ്പെട്ട അല്ലാഹു (ത) യുടെ കല്പനകളെ അഹ്മദിയ്യാ ജമാഅത്തിലെ ആളുകൾ ചവിട്ടിമെതിക്കുന്നതു കാണുമ്പോൾ സങ്കടം തോന്നുന്നു. ഖുർആൻ മാർഗ്ഗദർശനം നല്കുന്നത് മുത്തഖീങ്ങൾക്ക് മാത്രമാണ്. അവർ ദൈവീക സന്ദേശങ്ങളെ സ്വീകരിക്കുന്നവരാണ്. നമ്മുടെ പ്രിയപ്പെട്ട പ്രാവചകർ മുഹമ്മദ് (സ) യ്ക്കു ലഭിച്ചതിലും,കഴിഞ്ഞുപോയ എല്ലാ പ്രവാചകന്മാർക്കു ലഭിച്ചതിലും ഇപ്പോഴുള്ളതും വരാനിരിക്കുന്നതുമായ എല്ലാ പ്രവാചകന്മാർക്ക് ലഭിക്കുന്നതിലും വിശ്വസിക്കുന്നവരാണ്. ഇപ്രകാരം വിശ്വസിക്കുന്നവരാണ് അവരുടെ രക്ഷിതാവായ അല്ലാഹു അവർക്കുവേണ്ടി തുറക്കുന്ന പാതയിലൂടെ സഞ്ചരിക്കുന്നവർ. ഈ ആളുകൾ തന്നെയാണ് വിജയിക്കുന്നതും, കാരണം അവരുടെ ഹൃദയങ്ങളിൽ ഒരു ജീവികളുടെയും ഭയം ഉണ്ടായിരിക്കുകയില്ല. അവരുടെ ഹൃദയങ്ങളിൽ അല്ലാഹുവിൽ മാത്രമുള്ള ഭയത്താൽ നിറഞ്ഞു കവിഞ്ഞ് ഒഴുകുന്നതായിരിക്കും.

ഇപ്പോൾ, അഹമദിയ്യാ ജമാ അത്ത് അവരുടെ ഖലീഫയെ അവതരിപ്പിക്കുന്നത്, ജനങ്ങൾ തെരഞ്ഞെടുത്ത ഖലീഫയെ അവതരിപ്പിക്കുന്നത്, ജനങ്ങൾ ഭയപ്പെടേണ്ട ഒരു വ്യക്തിയായിട്ടാണ്. അല്ലാഹുവിനെ ഭയപ്പെടുന്നതിനേക്കാൾ കൂടുതൽ ഖലീഫയെ ഭയപ്പെടേണ്ടതാണ് എന്നാണ്. നിങ്ങൾ മനസ്സിലാക്കുക. അഹ്മദികൾ അവരുടെ ഖലീഫയെ ഭയപ്പെടുന്നു; അവരുടെ അമീറിനെ ഭയപ്പെടുന്നു. അവരുടെ മൗലവിമാരെ ഭയപ്പെടുന്നു. ചുരുക്കത്തിൽ അല്ലാഹുവിലുള്ള ഭയം അവർക്കില്ലാതായിരിക്കുന്നു.

## ചിന്താശൂന്യരുടെ ഹൃദയങ്ങളെ മനുഷ്യരാൽ തെരഞ്ഞെടുത്ത ഖലീഫ അടച്ചു കുറ്റി ഇട്ടിരിക്കുന്നു:-

130 വർഷങ്ങളായി അഹ്മദിയ്യാ ജമാ അത്ത്, അവരുടെ തബ്ലീഗിലൂടെയും അവരുടെ പ്രസിദ്ധീകരണങ്ങളിലൂടെയും മുസ്ലിംകളെ മനസ്സിലാക്കിക്കുവാൻ ശ്രമിക്കുന്ന ഒരു കാര്യമാണ് കഴിഞ്ഞ കാലങ്ങളിൽ അല്ലാഹു

സംസാരിച്ചതുപോലെ ഇപ്പോഴും അല്ലാഹു സംസാരിക്കുന്നവനാണ് എന്നത്. പ്രവാചകത്വത്തിന്റെ വാതിൽ ഒരിക്കലും അല്ലാഹു അടയ്ക്കുന്നതല്ല എന്ന കാര്യം. ആയിരക്കണക്കിനു ലഘുലേഖകൾ, മറ്റു സാഹിത്യങ്ങൾ, അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റുള്ളവർ മനസ്സിലാക്കുന്നതിനുവേണ്ടി ഈ സന്ദേശം ഫ്രീ ആയി വിതരണം ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ഈ നൂറ്റാണ്ടിൽ അല്ലാഹു (ത) ഈ വിനീതനെ ഉയർത്തിയപ്പോൾ അവർ പരിഹാസവാക്കുകളും, അഹങ്കാരവും, അഹന്തയുമായി ഈ വെളിപാടുകളെ നേരിട്ടിരിക്കുന്നു. അവർ ഈ വെളിപാടുകളെ ശൈത്താനിക വെളിപാടുകൾ എന്നു പേരിട്ടു, ഈ ദൈവീക അനുഗ്രഹത്തെ എങ്ങനെയാണ് അല്ലാഹു അവരിൽ നിന്ന് നീക്കം ചെയ്തെന്നു ചിന്തിക്കുക.അവരുടെ 5-ാം ഖലീഫ അല്ലാഹുവിൽ നിന്ന് ലഭിച്ചു എന്നുള്ള ഒരു വാക്കുപോലും ഉച്ചരിച്ചിട്ടില്ല. 5 - ാം ഖലീഫയ്ക്ക് ഒരേഒരു വെളിപാടെ കിലും ലഭിച്ചിരുന്നെങ്കിൽ,ഒന്നാലോച്ചിച്ചുനോക്കുക. എത്രപെട്ടെന്ന് ആ വാർത്ത ലോകമെമ്പാടും വ്യാപിക്കുമായിരുന്നു. ദൗർഭാഗ്യവശാൽ അല്ലാഹു നല്കിയ വെളിപാടുകളെ അവർ പരിഹസിച്ചു ആ വെളിപാടുകൾക്കുനേരെ അവർ മുഖം തിരിച്ചുകളഞ്ഞു. ഹസ്രത് മുഹമ്മദ് മുസ്തഫാ(സ)യുടെ മിമ്പറിനെ അവർ ദുരുപയോഗം ചെയ്തു.അവർ അഹ്മദികളോടു പറഞ്ഞു ഞാൻ പറയുന്നത് ശ്രവിക്കരുത്, ഞാൻ എഴുതുന്നത് വായിക്കരുത് എന്നിട്ടവർ നിസ്സഹകരണം പ്രഖ്യാപിച്ചു.

ഇന്ന് 80 ശതമാനത്തിലധികം അഹ്മദികളുടെ ഹൃദയങ്ങൾ,ഖലീഫയുടെ പേരിൽ അടഞ്ഞുപോയിരിക്കുന്നു. അല്ലാഹു നല്കുന്ന സത്യത്തെഅവർ നിരസിക്കുന്നു. അവർ എപ്പോഴും പ്രബോധിക്കുന്ന സത്യം അഹ്മദിയാ ജമാഅത്തിലൂടെ കാണുന്നു. കാരണം അല്ലാഹുവിന്റെ അനുഗ്രഹം ഞങ്ങൾക്കുണ്ട്. അതായത് ഖിലാഫത്ത് അത് ഞങ്ങളോടൊപ്പമുണ്ട്.

അതെ അല്ലാഹു അവർക്ക് ഖിലാഫത്ത് നല്കി. എല്ലാം നല്ല നിലയിൽ നടന്നു കൊണ്ടിരുന്നിടത്തോളം കാലം അല്ലാഹുവിന്റെ കല്പനകൾക്കനുസൃതമായിട്ടും മുഹമ്മദ് മുസ്തഫ (സ) യുടെയും ഹസ്രത് മസീഹ് മൗഊദ് (അ) ന്റെയും അധ്യാപനങ്ങൾക്കനുസൃതമായിട്ടും ഖിലാഫത്ത് വ്യവസ്ഥ നിലനിന്നടത്തോളം നിലനിർത്തി ഈ അനുഗ്രഹം ജീവസ്സുറ്റതായി നിലനിർത്തി, മനുഷ്യർ തെരഞ്ഞെടുത്ത ഖലീഫമാർക്കുപോലും വെളിപാടുകളുടെ ചിലവാക്കുകൾ ലഭിച്ചിട്ടുണ്ട്, ദൈവീകമായ മാർഗ്ഗദർശനം ലഭിച്ചിട്ടുണ്ട്, അല്ലാഹുവിന്റെ ജമാഅത്തിനെ ശരിയായി നയിക്കുന്നതിനായി. എന്നാൽ അല്ലാഹുവിന്റെ കല്പനകളെക്കാൾ ഖലീഫയുടെ വാക്കുകൾക്ക് പ്രാധാന്യം ജനങ്ങൾ കല്പിക്കുവാൻ തുടങ്ങിയപ്പോൾ ഹസ്രത് മുഹമ്മദ് (സ) ന്റെയും ഹസ്രത്ത് മസീഹ് മൗഊദ് (അ)ന്റെയും അധ്യാപനങ്ങളെ ചവിട്ടിമെതിക്കുവാൻ തുടങ്ങിയപ്പോൾ, ഇതിനു മുമ്പ്, അവിശ്വാസികൾക്കെതിരിൽ വിജയം നല്കേണമേ! എന്ന് പ്രാർത്ഥിച്ചിരുന്നവർ; അവർ

അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യേണ്ടുന്ന സന്ദേശം അവർക്ക് വന്നു കിട്ടിയപ്പോൾ അവരതിനെ നിരസിച്ചു. അപ്പോൾ അല്ലാഹുവിന്റെ ക്രോധം അവരുടെ മേൽ പതിക്കേണ്ടതല്ലേ ? അവർ അല്ലാഹുവിന്റെ സന്ദേശത്തെ അല്ലേ നിരസിച്ചത്. ഖലീഫയോട് അല്ലാഹുവിനു ക്രോധം ഉണ്ടാകേണ്ടതല്ലേ ? അല്ലാഹുവിന്റെ ദാസന്മാരുടെ മേൽ ഖലീഫ ശാപവർഷം ചൊരിഞ്ഞില്ലേ ? തന്റെ അമീറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം.

## അല്ലാഹു തെരഞ്ഞെടുത്ത് മഹത്വപ്പെടുത്തിയ ദാസന്, ജനങ്ങൾ തെരഞ്ഞെടുത്ത ഖലീഫയുടെ ശാപപ്രാർത്ഥന ബാധകമല്ല

അല്ലാഹുവിൽ നിന്ന് വെളിപാടുകൾ ലഭിക്കുന്നു എന്ന് ഒരാൾ പറയുന്നു. മറ്റൊരാൾ ആ വെളിപാടുകൾ എഴുതിവെയ്ക്കുന്നു. ഇക്കാരണത്താൽ അവരെ ജമാ അത്തിൽ നിന്നും പുറത്താക്കുന്നു. തലപ്പത്തുള്ളവർ പ്രഖ്യാപിക്കുന്നു ഇവർ രണ്ടുപേർ പുറത്തു പോയെങ്കിൽ, സാരമില്ല, ലക്ഷങ്ങൾ അഹ്മദിയാ ജമാഅത്തിലേക്ക് വരുന്നതാണ്. അവർ തുടരുന്നു. **ഭയാനകമായ ഒരു വിധിയെയാണ് അവർ നേരിടാൻ പോകുന്നത്.** എന്നിട്ട് ഞങ്ങൾ ഞങ്ങളുടേതായ ജമാഅത്ത് രൂപീകരിക്കാനുള്ള അനുവാദവും അവർ നല്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞങ്ങളെ അല്ലാഹു ഒരു ജമാഅത്തുമായി ഉയർത്തി. അവൻ തന്നെ ആ ജമാ അത്തിന് പേരും വെച്ചു. വിശ്വാസം വരുന്നെങ്കിൽ വിശ്വസിക്കുക. നിങ്ങൾക്കു വിശ്വസിക്കുവാൻ കഴിയുന്നില്ലെങ്കിൽ വിശ്വസിക്കുവാൻ നിർബന്ധിക്കുവാൻ ഞങ്ങൾക്കുകഴിയുകയില്ല. ഈ പ്രസ്താവന ഞങ്ങൾ നടത്തിയപ്പോൾ അദ്ദേഹത്തിൽ നിന്ന് പുറത്തുവന്ന അധികാരഭാവത്തിന്റെ പ്രകടനം ഇപ്രകാരമായിരുന്നു. രണ്ടു പേർ പുറത്തുപോകുമ്പോൾ, ലക്ഷങ്ങൾ അഹ്മദിയ്യാ ജമാ അത്തിലേക്ക് പ്രവേശിക്കുന്നതാണ്. (ബൈഅത്തുകൾ ലക്ഷക്കണക്കിനാണല്ലോനടന്നത്) അതിനെപറ്റി ശാത്താനിക ബൈഅത്തുകൾ എന്നു പറയാൻ പാടില്ലല്ലോ. ഇതെല്ലാം സംഭവിച്ചത്,അവർ അസൂയാലുക്കളായതു കൊണ്ടാണ്. അല്ലാഹു സ്നേഹിക്കുന്ന തന്റെ ദാസന്മാരുടെ മേൽ ഇറങ്ങിയ അനുഗ്രഹങ്ങളുടെ മേലുള്ള അസൂയ.ചിന്തിക്കാതെ അല്ലാഹുവിന്റെ ക്രോധം അവരുടെ മേൽ വലിച്ചു കൊണ്ടു വരികയായിരുന്നു. ഈ വിനീതന്റെ മേൽ ദൈവീക വെളിപാടുകൾ ഇറങ്ങിയതുകൊണ്ട്, 2001,2002, ൽ, അവർ സംഘടിപ്പിച്ച മൗറിഷ്യസിലെ എല്ലാ പരിപാടികളിലും, അഹ്മദിയ്യാ പള്ളികളിൽ എനിക്കെതിരായി സംസാരിക്കുവാനാണ് സമയം കണ്ടെത്തിയത്. മുല്ലാക്കൾ അവരുടെ ശക്തിപ്രകടനം മിമ്പറിലൂടെ പുറത്തുവിട്ടു, തീതുപ്പുന്ന രാഷ്ട്രീയക്കാരും ഇവരും തമ്മിൽ യാതൊരു വ്യത്യാസവുമില്ലായിരുന്നു. പാറകളിൽ പോലും ചിലതിലൂടെ അരുവികൾ പൊട്ടി ഒഴുകാറുണ്ട്

,അല്ലാഹുവിനോടുള്ള ഭയത്താൽ ചിലത് ഭൂമിയുടെ ആഴങ്ങളിലേക്ക് ആഴ്ന്നിറങ്ങാറുണ്ട്.

**അല്ലാഹുവിന്റെ ദൂതന്മാരുടെ കാലഘട്ടങ്ങളിൽ അവിശ്വാസികൾ നിസ്സഹകരണം ഏർപ്പെടുത്തിയതുപോലെ.**

ഇതെന്തൊരു നാണക്കേടാണ് ? സത്യം എന്താണെന്നറിഞ്ഞിരിക്കെ അവർ സത്യത്തെ അസത്യംകൊണ്ട് മൂടി. അവരുടെ നിസ്സഹ കരണത്തിലൂടെ നമ്മെ എങ്ങനെ ദ്രോഹിക്കാൻ കഴിയുമെന്ന് അവർ പഠിപ്പിക്കുന്നു. സലാം പറയാതിരിക്കുക, അങ്ങനെ ചെയ്യുന്നത് ആരൊക്കെയാണെന്ന് അവർക്ക് നന്നായി അറിയാം. ഒരു യാഥാർത്ഥ വിശ്വാസി, ആരുടെ ഹൃദയമാണോ അല്ലാഹുവിനോടുള്ള ഭയത്താൽ നിറഞ്ഞിരിക്കുന്നത്, ആരാണോ അല്ലാഹുവിന്റെ കല്പനകളെ പിന്തുടരുന്നത്, അങ്ങനെയുള്ളവർ ഇത്തരത്തിലുള്ള പ്രവർത്തികൾ ചെയ്യുകയില്ല, കാരണം ഇത് മറ്റുള്ളവർക്ക് പ്രയാസമുളവാക്കുന്നതാണ്. അവരുടെ ഹൃദയങ്ങളിൽ അല്ലാഹുവിനോടുള്ള ഭയവും, വിശ്വാസവും യാഥർത്ഥത്തിൽ ഉണ്ടായിരിന്നുവെങ്കിൽ, അല്ലാഹുവിന്റെ കല്പനകളെല്ലാം അനുസരിച്ചിരുന്നുവെങ്കിൽ അവർക്ക് ഏറ്റവും നല്ല പ്രതിഫലങ്ങൾ അല്ലാഹുവിൽ നിന്നും ലഭിക്കുമായിരുന്നു. അവർ മനസ്സിലാക്കി യിരുന്നെങ്കിൽ! എന്നാൽ ദൗർഭാഗ്യവശാൽ അല്ലാഹുവിന്റെ കല്പന കളെയും, അവനിലുള്ള വിശ്വാസത്തെയും, മാറ്റിനിർത്തി മറ്റു വിശ്വാസങ്ങൾക്ക് പ്രാധാന്യം നല്കിയിരിക്കുകയാണ്. അവരുടെ വിശ്വാസ ത്തിലേക്ക് മടങ്ങുകയാണ് ചെയ്യുന്നത്. ദൈവീക കല്പനകൾക്കെതിരിൽ പ്രവർത്തിക്കുന്നവർ, അവരുടെ വിശ്വാസം നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത് , അവർ തെറ്റായ പാതയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ തീർച്ചയായും അവർ വഴിമാറി സഞ്ചരിക്കുന്നതുമൂലം നേർപാതയിൽ നിന്നും വ്യതിചലിച്ചിരിക്കുകയാണ്. നമസ്ക്കാരത്തിൽ അവർ എല്ലാ പ്രാർത്ഥനകളും നടത്തുന്നുണ്ടങ്കിലും, സുറ: അൽഫാത്തിഹായിലെ, ഓരോ റക്അത്തിലും നിന്റെ കോപത്തിന് പാത്രമായവരുടെ പാതയിലല്ല, വഴിപിഴച്ചവരുടെ പാതയിലല്ല എന്നവർ പറയുന്നുണ്ടെങ്കിലും അവർ വഴികേടിൽ തന്നെയാണ്. എല്ലാത്തിനും ഉപരിയായി നിങ്ങൾ ബഹള മുണ്ടാക്കുന്നു. ബഹിഷ്ക്കരണം നടത്തുന്നു. കുടുംബ ബന്ധങ്ങൾ മുറിക്കുന്നു. ഒരു സഹോദരന് തന്റെ സഹോദരിയെ തന്റെ ഒരു പരിപാടിക്ക് ക്ഷണിക്കുവാൻ കഴിയുന്നില്ല. അതുപോലെ തിരിച്ചും. നിങ്ങളുടെ ഈ ബഹിഷ്ക്കരണം കൊണ്ട് ഞങ്ങൾക്ക് ഒന്നും സംഭവിക്കാനില്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വിതരണം ചെയ്യുന്നത് നിങ്ങളല്ലല്ലോ. വിശുദ്ധ ഖുർ ആനിൽ അല്ലാഹു (ത) പറയുന്നു. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ അവന്റെ അനുഗ്രഹങ്ങൾ നല്കുന്നു. അവൻ മഹത്തായ ഔദാര്യത്തിന്റെ ഉടമയാണ്

ഇത് ആ അമീർ പറഞ്ഞതുപോലെ ഭൗതിക അനുഗ്രഹങ്ങളെക്കുറിച്ചല്ല അല്ലാഹു ഇവിടെ സംസാരിക്കുന്നത്. കാറുകൾ, പൊടിപ്പ് യന്ത്രങ്ങൾ ,ശീതീകരണ യന്ത്രങ്ങൾ തുടങ്ങിയവ ഇതാണ് അമീർ കാണുന്ന അനുഗ്രഹങ്ങൾ. അല്ലാഹു അവൻ തെരഞ്ഞെടുത്ത്, അവന്റെ അനുഗ്രഹങ്ങൾ അവൻ ഉദ്ദേശിക്കുന്നവർക്ക് നല്കുന്നു ഇത് കൊണ്ട്ദർത്ഥമാക്കുന്നത് ഇത് നല്കുന്നതിന് അല്ലാഹുവിന്, അമീനിയുടെയോ, മൂസായുടെയോ, വക്കീലുൽ ആലായുടെയോ, വകീലുതബ്ശീറിന്റെയോ അനുവാദം ആവശ്യമില്ല എന്നു സാരം. ആരോടും കണക്കുബോധിപ്പിക്കേണ്ട കാര്യം അല്ലാഹുവിനില്ലാ എന്നും, എല്ലാ കാര്യങ്ങളുടെമേലും അവനാണ് അധികാരി എന്നും നിങ്ങൾക്കറിയില്ലേ?

## ദൈവീകാധ്യാപനങ്ങളെ സംബന്ധിച്ച്, അവരുടെ മനസ്സുകളെ കാഠിന്യമാക്കിയവർക്കുള്ളതല്ല, സ്വർഗ്ഗത്തിലേക്കുള്ള വിസ

അഹ്മദികൾ വിചാരിക്കുന്നത്, എല്ലാ മുസ്ലിംകളിലും അഥവാ ജനങ്ങളിലും വെച്ച് ഏറ്റവും ശ്രേഷ്ഠർ അവരാണെന്നാണ്. സ്വർഗ്ഗത്തിലേക്കുള്ള വിസാ അവർക്ക് കിട്ടിയിരിക്കുന്നു എന്നാണ്. കാരണം അവർ വാഗ്ദത്ത മസീഹിൽ വിശ്വസിച്ചിരിക്കുന്നു. എന്നാൽ അവരിപ്പോൾ ദൈവീകാധ്യാപനങ്ങളെ ചവിട്ടിമെതിക്കുകയാണ്. ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ അധ്യാപനങ്ങളെയും, ഹസ്രത് മസീഹ് മൗഊദ് (അ)ന്റെ അധ്യാപനങ്ങളെയും നിന്ദിക്കുകയാണ് ചെയ്യുന്നത്. എന്നിട്ടവർ പറയുന്നു ഞങ്ങളുടെ ജീവിതം ഖിലാഫാത്താകുന്നു എന്നു പറയുന്നതോടൊപ്പം ഗൗരവാവഹമായ അബദ്ധങ്ങളാണ് എഴുന്നെള്ളിക്കുന്നത്. മൗറിഷ്യസിൽ നിലനില്ക്കുന്ന ഒരു ചെറിയ അഹ്മദിയ്യാ വിഭാഗം അബദ്ധത്തിനു മേൽ അബദ്ധങ്ങൾ പുലമ്പിക്കൊണ്ടിരിക്കുകയാണ്. കുറെ അബദ്ധങ്ങൾ പുലമ്പി കഴിഞ്ഞശേഷം, മറ്റു ചില അബദ്ധങ്ങളുമായി വീണ്ടും രംഗത്തു വരും. അന്തർദേശീയ രംഗത്ത് എന്താണ് നടക്കുന്നതെന്ന് നിങ്ങൾ ചിന്തിക്കുക. അവർ നിങ്ങളോടു പറയും, അവരാണ് സ്വർഗ്ഗാവകാശികളെന്ന് ഇതാണ് അവർ ആഗ്രഹിക്കുന്നത്. നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ രേഖകളിലൂടെയും, തെളിവുകളിലൂടെയും തെളിയിക്കുക. മറിച്ചാണെങ്കിൽ, അല്ലാഹു(ത) വിശുദ്ധ ഖുർആനിൽ വ്യക്തമായും പ്രഖ്യാപിച്ചിരിക്കുന്നു.

അതെ, ആരാണോ തന്റെ മുഖത്തെ, ഇസ്ലാമിലൂടെ, അല്ലാഹുവിനു സമർപ്പിക്കുന്നത്, അവൻ നല്ലതു പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവനായിരിക്കെ, അവന്റെ പ്രതിഫലം തന്റെ രക്ഷിതാവിങ്കൽ അവൻ കണ്ടെത്തുന്നതാണ്. അവർക്ക് ഭയപ്പെടാനും ഒന്നുമില്ല, അവർ ദുഃഖിക്കുന്നവരുമല്ല.

## ശത്രുത ഛർദ്ദിക്കുന്ന മുല്ലാക്കൾ, നിശ്ചയമായും അവരുടെ വാക്കുകളുടെ അനന്തരഫലം അനുഭവിക്കേണ്ടി വരും.

റോസ്ഹില്ലിലെ, ട്രിഫിൽസ് മസ്ജിദിൽ 2001ൽ ഒരു മുല്ല ശത്രുത ഇളക്കി വിടുന്ന ഒരു പ്രഭാഷണം നടത്തുകയുണ്ടായി. ആ മുല്ല ഇത്രത്തോളം പറയാൻ തയ്യാറായി. അതായത് അവർ വ്രതാനുഷ്ഠാനം നടത്തി ശരീരം തേഞ്ഞു ഉണങ്ങിപ്പോയാലും, ദീർഘമായ പ്രാർത്ഥന നടത്തി അവരുടെ മൂക്കുകൾ തേഞ്ഞുപോയാലും അവരുടെ ദുആകൾ സ്വീകരിക്കുവാൻ പോകന്നില്ല. ആ മനുഷ്യൻ സർവ്വജ്ഞനാണോ?

നിങ്ങൾ പോയി ഈ വചനം വായിച്ച് പഠിക്ക് നിങ്ങൾക്ക് ഒരു കാര്യത്തെകുറിച്ചും ഒന്നും അറിയില്ല എന്നിരിക്കെ എനിക്ക് ചിലത് അറിയാം എന്ന് പ്രഖ്യാപിക്കരുത്. നിങ്ങൾ പറയുന്നത് എന്താണെന്ന് നിങ്ങളറിയാതെ, നിങ്ങൾക്കറിയാവുന്നത് വിശ്വസിപ്പിക്കുവാൻ ശ്രമിക്കുകയാണ്. നിങ്ങൾക്കറിവുണ്ടായിരുന്നെങ്കിൽ നിങ്ങൾ ഈ അർത്ഥശൂന്യവാക്കുകൾ പുലമ്പുമായിരുന്നല്ല. നിങ്ങളുടെ അറിവിലേക്കായി ഇതും കൂടി ഞാൻ പറയുന്നു.

ഒരു മദ്രാസിയുടെ കൂടെ നിങ്ങളുടെ കുട്ടിയെ വിട്ടാൽ അവൻ എന്തു പഠിക്കും? കാവടി ഉയർത്താൻ.

ഈ വാക്കുകൾ പുലമ്പിയവനെ അല്ലാഹു താമസിപ്പിച്ചില്ല. അവന്റെ മകനിലൂടെ തന്നെ അല്ലാഹു അപമാനം വരുത്തി. അയാളുടെ മകന്റെ ജോലി സ്ഥലത്ത് മറ്റൊരു മതവിശ്വാസത്തിൽപ്പെട്ട മേലധികാരിയുമായി, അവന് ബന്ധമുണ്ടായിരുന്നു. മഹാശിവരാത്രി, ഹോളി, ദീപാവലി തുടങ്ങിയ ആഘോഷങ്ങൾക്ക്, പോകേണ്ടിവരുകയും, പങ്കെടുക്കുകയും, ചെയ്യേണ്ടി വരില്ലേ? സംസാരിക്കുന്നതിന് മുമ്പ് ചിന്തിക്കണം.

ഹേ! മുല്ല മുഖ്താർ നിങ്ങളെന്താണ് ചെയ്തത്? നിങ്ങളെന്താണ് പറഞ്ഞത്? നിങ്ങൾ പരിധി ലംഘിച്ചിരിക്കുകയാണ്. എപ്പോഴൊക്കെ താങ്കൾ ഗുണംകെട്ടവനാകുകയും ധിക്കാരം കാണിക്കുകയും ചെയ്യുന്നുവോ, അപ്പോൾ നിങ്ങൾ മനസ്സിലാക്കണം അല്ലാഹു എല്ലായിടത്തും സന്നിഹിതനായവനാണെന്ന്. അല്ലാഹു എല്ലാത്തിനേയും അതിജയിക്കുന്നവനാണെന്നും, നിങ്ങൾക്കു മുമ്പും ഇതുപോലെ പറഞ്ഞിട്ടുള്ളവർ ഉണ്ടായിരുന്നു. അവരുടെ കപടവിശ്വാസത്തിന്റെ മുഖങ്ങൾ അവർ വെളിവാക്കുകയുണ്ടായി. അല്ലാഹു(ത) അവന്റെ ദൃഷ്ടാന്തങ്ങൾ വ്യക്തമായും വെളിവാക്കുന്നവനാണ്. അവർ അവരുടെ വിശ്വാസങ്ങളിൽ ഉറച്ചു നില്ക്കുന്നവരാണ്. ഒരു ദിനത്തെ ഭയപ്പെടുക. അതു വരുകതന്നെ ചെയ്യും. ഒരാത്മാവും മറ്റൊരാത്മാവിന് ഒന്നും ചെയ്യാനൊക്കാത്ത ദിനം. ആ ദിനത്തിൽ ഒരു വിഗ്രഹങ്ങളുടെ ശുപാർശയും പ്രയോജനം ചെയ്യുകയില്ല. ദൈവീക ദൃഷ്ടാന്തത്തെ തീരെ അവഗണിച്ചവരാണവർ. മന്ദബുദ്ധികളുടെ നിലവാരത്തിലേക്കു സ്വയം ചുരുങ്ങിയവരാണവർ.

## മത കല്പനകൾ പുറപ്പെടുവിക്കുവാൻ അല്ലാഹുവിനേക്കാൾ നല്ലവൻ ആരാണുള്ളത്?

### വായിൽ ചരൽക്കല്ലുകൾ ഇടുക വിവരക്കേട് പറയരുത്

വിശ്വാസിക്കുന്നില്ലെങ്കിൽ വിശ്വസിക്കണ്ട്! ഒന്നു മിണ്ടാതെങ്കിലും ഇരുന്നുകൂടെ! നിങ്ങൾക്ക് മിണ്ടാതിരിക്കുവാൻ കഴിയുന്നില്ലെങ്കിൽ ഒരു കല്ലെടുത്തു വായിലിടുക, വിഡ്ഢിത്വം പുലമ്പരുത്. ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഉത്തരവാദികൾ ഞങ്ങളാണ്. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് നിങ്ങളും. ദൈവീകാധ്യപനങ്ങളിലും നേർപാതയിലും നിഷ്ക്കളങ്കമായി നില നിർത്തുവാൻ ഞങ്ങൾ അല്ലാഹുവിനോടു തുടർന്നും ദുആ ചെയ്തുകൊണ്ടെയിരിക്കും.

സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാണ്. ആയതിനാൽ നിങ്ങളൊരിക്കലും സംശയാലുക്കളായി തീരരുത്.

ഓരോ മനുഷ്യനും അല്ലാഹു ഹൃദയം നല്കിയിട്ടുണ്ട്. നിങ്ങളുടെ ഹൃദയത്തെ എങ്ങനെയാണ് ഉപയോഗപ്പെടുത്തേണ്ടതെന്ന് അറിയുക. എന്നിട്ട് അല്ലാഹുവിന്റെ സഹായത്തിനായി അർത്ഥിക്കുക. അങ്ങനെയായാൽ സത്യം ഗ്രഹിക്കുവാൻ അല്ലാഹു നിങ്ങളെ സഹായിക്കും.

### സാമൂഹ്യബിഹിഷ്ക്കരണം എപ്പോൾ നടത്താം? എപ്പോൾ പാടില്ല?

വിശുദ്ധഖുർആൻ അല്ലാഹു(ത) അവതരിപ്പിച്ചത് മുഹമ്മദ്(സ)ന്റെ മേലാണ്. അദ്ദേഹം എങ്ങനെ ജീവിക്കണം? തന്റെ അനുചരന്മാർ എങ്ങനെ ജീവിക്കണം? തന്റെ പിൻഗാമികൾ എങ്ങനെ ജീവിക്കണം? ഇത് പഠിപ്പിക്കുവാനുള്ള മാർഗ്ഗദർശനങ്ങളാണവ. ഈ കാലഘട്ടത്തിൽ മാത്രമല്ല വിധിനാൾവരേക്കും ഈ അദ്ധ്യാപനങ്ങൾ നിലവിലുണ്ടാകും. വിധിനാൾവരേക്കും നാം എങ്ങനെയാണ് ജീവിക്കേണ്ടത് എന്ന് അതു പഠിപ്പിക്കുന്നു. വിവിധ സാഹചര്യങ്ങളെ നാം അഭിമുഖീകരിക്കുമ്പോൾ എങ്ങനെയാണ് നാം പ്രവർത്തിക്കേണ്ടത് എന്നും അതു പഠിപ്പിക്കുന്നു.

മുഹമ്മദ്(സ)യുടെ കാലത്തും സാമൂഹ്യബഹിഷ്ക്കരണം നിലനിന്നിട്ടുണ്ട് എന്ന് ചില അഹ്മദികൾ പറയുന്നു. അതുകൊണ്ടാണ് അവരുടെ ഖലീഫയും ജമാഅത്ത് അഹ്മദിയ്യായും സാമൂഹ്യബഹിഷ്ക്കരണം നടപ്പിലാക്കിയത് എന്നും അവകാശപ്പെടുന്നു. ഞാൻ ഇവരോട് ചില ചോദ്യങ്ങൾ ചോദിക്കുവാൻ ആഗ്രഹിക്കുകയാണ്.

1. അവർ പറയുന്ന അവരുടെ ഖലീഫയ്ക്ക് (നാലാം ഖലീഫയും അഞ്ചാം ഖലീഫയും) ഞങ്ങളെ സാമൂഹ്യമായി ബഹിഷ്ക്കരിക്കുവാൻ അല്ലാഹുവിൽ നിന്ന് പ്രത്യേകമായ ദിവ്യവെളിപാടുകൾ വല്ലതും ലഭിച്ചുവോ?
2. ഞങ്ങളുടെ ഹൃദയങ്ങളിലുള്ളത് അറിയുവാൻ, അതായത് ഞങ്ങൾ ഫിത്ന ഉണ്ടാക്കുന്നവരാണെന്ന് അറിയുവാൻ അല്ലാഹു(ത) വല്ല

പ്രത്യേക കഴിവും നല്കിയിട്ടുണ്ടോ?

3. അപ്പോൾ, ഇതാണ് കാര്യമെങ്കിൽ സുന്നികളെ എന്തുകൊണ്ട് ബഹിഷ്ക്കരിക്കുന്നില്ല. ഇസ്ലാമിലെ മറ്റു വിഭാഗങ്ങളെയും ബഹിഷ്ക്കരിക്കുന്നില്ല. അല്ലാഹു നിയോഗിച്ച മസീഹ്(അ)നെയും അല്ലാഹുവിന്റെ സന്ദേശത്തെയും നിരസിച്ചവരല്ലേ അവർ?

4. സുന്നികളും മറ്റു മുസ്ലിം വിഭാഗങ്ങളും ജനങ്ങൾ തെരഞ്ഞെടുത്ത അവരുടെ ഖലീഫയെ ലോകമുസ്ലിംകളുടെ നേതാവായി അവർ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തുവോ?

5. അഹ്മദികളും സാമൂഹ്യപരിപാടിയിൽ നിന്ന്, എന്തുകൊണ്ട് അവരെ ബഹിഷ്ക്കരിക്കുന്നില്ല?

6. എന്തുകൊണ്ട് അവരുടെ മേൽ അസ്സലാമു അലൈക്കും എന്നു പറയുന്നു?

7. അവരുമായി കുടുംബബന്ധം സ്ഥാപിച്ച് നിർത്തുന്നത് എന്തുകൊണ്ട്?

8. അതിലുപരിയായി, യഥാർത്ഥ മതമായ ഇസ്ലാമിനെ സ്വീകരിക്കാത്തവരായ എല്ലാവരുടെയും മേൽഎന്തുകൊണ്ട് സാമൂഹ്യബഹിഷ്ക്കരണം നടത്തുന്നില്ല?

9. ജമാഅത്ത് അഹ്മദിയ്യായിലെ വിവാഹപരിപാടികളിലും, വാർഷികസമ്മേളനങ്ങളിലും എന്തേ ഇവരെ ക്ഷണിക്കുന്നത്?

10. അവരുമായുള്ള സാഹോദര്യബന്ധം എന്തേസംരക്ഷിച്ചു നിർത്തുന്നത്?

ഭിന്നാഭിപ്രായങ്ങൾ നിലനില്ക്കേതന്നെ എല്ലാവരേയും നമുക്ക് സ്വാഗതം ചെയ്യാം എന്നതല്ലേ അനുരഞ്ജനത്തിന്റെ ആദ്യപടി, അങ്ങനെ അല്പാല്പമായി അല്ലാഹുവിന്റെ തൃപ്തിക്കായി എല്ലാവർക്കും ഒന്നായിതീരാം എന്നതല്ലേ നല്ല മാർഗ്ഗം. ഒരു മകൻ ഒരു തെറ്റു ചെയ്താൽ അവന്റെ പിതാവ് അവനെ തള്ളിക്കളയുമോ? അഥവാ അവൻ ഒരു തെറ്റായ വഴി തെരഞ്ഞെടുത്തു അവനെ ബഹിഷ്ക്കരിക്കുമോ? ആ കുട്ടിയെ തള്ളിക്കളയുമോ? അതോ അവനെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി നേരായ പാതയിലേക്ക് കൊണ്ടു വരുവാൻ ശ്രമിക്കുമോ? അവന് മാപ്പുചെയ്യുകയും നല്ലകുട്ടി ആയി തീരാൻ അവനെ പ്രോസാഹിപ്പിക്കുകയും ചെയ്യുകയല്ലേ വേണ്ടത്? ആയതിനാൽ ഖലീഫയുടെ ഉത്തരവാദിത്വം എന്താണ്? മുസ്ലിംകളുടെ എല്ലാം ആത്മീയപിതാവാണെന്ന് ആരുപറയുന്നു?

ജമാഅത്ത് അഹ്മദിയ്യായും അതിന്റെ നേതാക്കന്മാരും അതിരുകടന്നിരിക്കുകയാണ്. മോശമായ പാതയാണ് അവർ തെരഞ്ഞെടുത്തിരിക്കുന്നത്. അതുകൊണ്ടാണ്, നിശ്ചയം, അല്ലാഹു ഒരാളെ തെരഞ്ഞെടുത്ത് അയച്ചിരിക്കുന്നത്. അവന്റെ ദൂതനായി, ഇസ്ലാമിന്റെ സംരക്ഷകനായി; ഹസ്രത്

മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിനെ ഋജുപാതയിൽ നയിക്കുന്നതിനു വേണ്ടി

## സാമൂഹ്യപരിഷ്ക്കരണം കല്പിക്കുവാൻ ആർക്കാണ് അധികാരം? ദൈവപ്രതിനിധിക്കോ മനുഷ്യപ്രതിനിധിക്കോ? ഒരന്വേഷണം

അല്ലാഹുവിന്റെ ദൂതൻ, ഒരു ഖലീഫ ആയിവന്നാൽ, അല്ലാഹു അദ്ദേഹത്തെ നിയോഗിക്കുകയും, ദൈവീക വെളിപാടുകൾ നല്കുകയും ചെയ്താൽ ജമാഅത്ത് അഹ്മദിയ്യാ ഒന്നാകേണ്ടതല്ലേ? യഥാർത്ഥ വിശ്വാസികളെല്ലാം സന്തോഷഭരിതരായി തീരേണ്ടതല്ലേ? അവരുടെ തെറ്റുകൾ ചൂണ്ടികാണിച്ചു കൊടുക്കുവാനും അവർക്ക് സ്വയം നന്നായി തീരുവാനും അല്ലാഹുവിന്റെ ദൂതൻ അവരോടൊപ്പം ദൈവീക വെളിപാടുകളുമായി ഉണ്ട് എന്നതിനാൽ അവർ സന്തോഷിക്കുകയല്ലേ വേണ്ടത്.

ദൈവനിയോഗിതനായ ഖലീഫയ്ക്ക് ലഭിക്കുന്നതുപോലെ മനുഷ്യൻ തെരഞ്ഞെടുത്ത ഖലീഫയ്ക്ക് ദൈവീകവെളിപാടുകൾ ലഭിച്ചിരുന്നുവെങ്കിൽ ഖാത്തമുന്നയിബിയ്യീൻ ആയ മുഹമ്മദ്(സ) ഏർപ്പെടുത്തിയതുപോലെ അദ്ദേഹത്തിന് ഒരു പക്ഷെ താത്ക്കാലികമായി ബഹിഷ്ക്കരണം ഏർപ്പെടുത്താവുന്നതാണ്. ദൈവീക കല്പനയനുസരിച്ചായിരുന്നു നബി(സ) അത് നടപ്പിലാക്കിയിരുന്നത്. അല്ലാഹുവിന്റ മാർഗ്ഗത്തിലുള്ള ജിഹാദിന്റെ (പരിശുദ്ധയുദ്ധ) സമയത്ത്, അല്ലാഹുവിന്റെ കല്പനയുടെ പ്രാധാന്യവും പ്രവാചകനെ അനുസരിക്കേണ്ടതിന്റെ ആവശ്യകതയും ബോദ്ധ്യപ്പെടുത്തുന്നതിനു വേണ്ടിയായിരുന്നു ആ നടപടി.

എന്നാൽ അല്ലാഹുവിൽ നിന്നും ദിവ്യവെളിപാടുകൾ ലഭിക്കുന്നവരെ ബഹിഷ്ക്കരിക്കുവാൻ എങ്ങും പറയുന്നില്ല. ഈ ദിവ്യവെളിപാടുകൾ ലഭിക്കുന്നവരെ പിൻപറ്റുന്നവരെ ബഹിഷ്ക്കരിക്കുവാനും എവിടെയും പറയുന്നില്ല. അതുകൊണ്ടാണ് അല്ലാഹു(ത) ഒരു താത്ക്കാലിക ബഹിഷ്ക്കരണത്തിനു മാത്രം മുഹമ്മദ്(സ) യ്ക്ക് അനുവാദം നല്കിയത്. അതിലൂടെ അവരുടെ തെറ്റുകൾ അവർ മനസ്സിലാക്കുകയും അവരെ ആക്രമിക്കുന്ന സത്യനിഷേധികൾക്കെതിരിൽ അല്ലാഹുവിനോടും അവന്റെ ദൂതനോടും ഒപ്പം ചേർന്ന് ഉറച്ച് നിന്ന് യുദ്ധം ചെയ്യുന്നതിനും വേണ്ടിയാണത്.

വിശുദ്ധഖുർആനിൽ സൂറഃഅത്തൗബയിൽ ഇക്കാര്യങ്ങൾ വ്യക്തമായും ചൂണ്ടികാണിക്കുന്നുണ്ട്

വിശുദ്ധഖുർആനും തിരുസുന്നത്തും അനുസരിച്ച് ചിന്തിക്കുവാനും, പ്രവർത്തിക്കുവാനും, ആഗ്രഹിക്കുന്ന സഹോദരങ്ങളെ! ഖലീഫത്തുൽമസീഹ് നാലാമനും, സാക്ഷാൽ ഖലീഫത്തുൽ മസീഹ് അഞ്ചാമനും അല്ലാഹുവിന്റെ ദൂതന്മാർ ആയിരുന്നുവോ? അതെ എന്നാണ് ഉത്തരമെങ്കിൽ ഇത് സംബന്ധമായി അവർ ഔദ്യോഗികമായി പ്രഖ്യാപിക്കേണ്ടതായിരുന്നില്ലേ? അതായത് അല്ലാഹു(ത) അവരോടു സംസാരിക്കുന്നു എന്നും അല്ലാ

ഹുവിന്റെ ദൂതന്മാരായി, മുജദ്ദിദുമാരായി, നബിമാരായി നിയോഗിച്ചിരിക്കുന്നു എന്നും ഇസ്ലാമിന്റെ ടോർച്ചിനെ തുടർന്നും മുറുകെ പിടിക്കുവാൻ കല്പിച്ചിരിക്കുന്നു എന്നും പറയേണ്ടതായിരുന്നില്ലേ?

മനുഷ്യർ തെരഞ്ഞെടുത്ത ഒരു ഖലീഫയുടെ സാന്നിദ്ധ്യത്തിൽ, ഈ നൂറ്റാണ്ടിലേക്ക് അല്ലാഹു തന്റെ ദൂതനെ നിയോഗിച്ചിരിക്കുമ്പോൾ, യഥാർത്ഥ വിശ്വാസികൾ ആരെയാണ് സ്വീകരിക്കേണ്ടത്? അല്ലാഹു നിയോഗിച്ച ആളിനെയാണോ? അതോ മനുഷ്യർ തെരഞ്ഞെടുത്ത ആളിനെയാണോ? മനുഷ്യർ തെരഞ്ഞെടുത്ത പ്രതിനിധിയ്ക്ക് അല്ലാഹുവിന്റെ ദൂതന്മാർക്കെതിരിൽ ബഹിഷ്ക്കരണം പ്രഖ്യാപിക്കാനുള്ള അവകാശമുണ്ടോ?

മസീഹ് മൗഊദ് (അ)ന്റെ ഈ വാക്കുകൾക്ക്/എഴുതിവെച്ചിരിക്കുന്ന രേഖയ്ക്ക് എന്തുമറുപടിയാണ് നിങ്ങൾക്ക് പറയുവാനുള്ളത്. അദ്ദേഹം പറയുന്നു. തന്റെ സമുദായത്തിലെ അംഗങ്ങൾ (ജമാഅത്ത് അഹ്മദിയ്യ) ഒരുമിച്ചു നില്ക്കണം, ഒരുമിച്ച് പ്രവർത്തിക്കണം, റൂഹുൽ ഖുദ്സുമായി ഒരാളെ അല്ലാഹു നിയോഗിക്കുന്നതുവരെ (അൽവസിയ്യത്ത് പേജ്9)

ആരെയാണ് അനുസരിക്കുന്നത്? അല്ലാഹുവിനെയോ? സ്വന്തം നഫ്സിന്റെ ഇച്ഛകളെയോ?

ഇന്ന് സാഹചര്യം മാറിയിട്ടില്ലേ? മുഹമ്മദ് നബി(സ)ക്കും ഒരു ചെറു സംഘം വിശ്വാസികൾക്കുമെതിരെ അവിശ്വാസികളായ ഖുറൈഷിതലവന്മാർ പ്രവർത്തിച്ചതുപോലെ അഹ്മദിയ്യാ ജമാഅത്തിലെ നേതാക്കന്മാർ പ്രവർത്തിക്കുന്നത് നിങ്ങൾ കാണുന്നില്ലേ? അല്ലാഹു(ത) ആരോടൊപ്പമായിരുന്നു? 3വർഷക്കാല സാമൂഹ്യബഹിഷ്ക്കരണം(ബനൂഹാഷിം കുടുംബത്തിലെ) മുസ്ലിംകൾക്കെതിരിൽ ഖുറൈഷികൾ നടപ്പാക്കിയില്ലേ? അല്ലാഹു(ത) ഖുറൈഷികളോടൊപ്പമായിരുന്നുവോ? അതോ അല്ലാഹു അവന്റെ പ്രവാചകനോടും മുസ്ലിംകളോടൊപ്പവുമായിരുന്നുവോ? ഇപ്പോൾ പത്തുവർഷങ്ങൾക്കുശേഷവും ജമാഅത്ത് അഹ്മദിയ്യായിലെ നേതാക്കന്മാരും അവരുടെ ഖലീഫയും നിങ്ങളെ വിശ്വസിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അവർ ഭൂമിയിലെ ദൈവമായി ചമഞ്ഞിരിക്കുകയാണ്. തികച്ചും അനിസ്ലാമികമായ സാമൂഹ്യബഹിഷ്ക്കരണം നടപ്പിലാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണവർ. ഹസ്രത് മുഹമ്മദ് മുസ്തഫ (സ)യ്ക്ക് ദൈവീക ഉറവിടത്തിൽ നിന്നും ലഭിച്ച നിർദ്ദേശമനുസരിച്ചാണ് പ്രവർത്തിച്ചത്. തിരുമേനി(സ)ക്ക് അല്ലാഹുവിനെ അനുസരിക്കേണ്ടതുണ്ടായിരുന്നു. 15-ാംനൂറ്റാണ്ടിലേക്ക് അല്ലാഹു നിയോഗിച്ച ദൂതനെ വിശ്വസിച്ച്, അംഗീകരിച്ച അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളെ സാമൂഹ്യബഹിഷ്ക്കരണം നടത്തുവാൻ മനുഷ്യൻ തെരഞ്ഞെടുത്ത ഖലീഫയ്ക്ക് ഒരു ദൈവവചനംമെങ്കിലും ലഭിച്ചുവോ? എന്തേ ചിന്തിക്കാത്തത്? അദ്ദേഹം ആരെയാണ് അനുസരിക്കുന്നത്? അല്ലാഹുവിനെയോ? അതോ സ്വന്തം നഫ്സിന്റെ ഇച്ഛകളെയോ? ജാഗ്രതയിലായിരിക്കുക. വിശുദ്ധഖുർ

ആനിൽ അല്ലാഹു(ത) പറയുന്നു. അവന്റെ നഫ്സിന്റെ ഇച്ഛയെ ദൈവ മാക്കിയവനെ നീ കാണുന്നില്ലേ? (അവർ അങ്ങനെയാണെന്ന് അല്ലാഹുവി നറിയാം) അറിഞ്ഞുകൊണ്ടു തന്നെ അവനെ ദുർമാർഗ്ഗത്തിലേക്ക് തിരിച്ചു വിട്ടു. അവന്റെ കേഴ്വിയിലും, ഹൃദയത്തിലും സീൽ വെച്ചു. അവന്റെ കണ്ണു കൾക്കുമേൽ ഒരു കർട്ടനും സ്ഥാപിച്ചു. അല്ലാഹു (സന്മാർഗ്ഗം തിരിച്ചെടു ത്തശേഷം) അവന് മാർഗ്ഗദർശനം നല്കുവാൻ, അപ്പോൾ, മറ്റാരാണുള്ളത്? നിങ്ങൾ ചിന്തിക്കുന്നില്ലേ?

ഈ ചെറിയ ജമാഅത്തിന്റ മേൽ കണ്ണും നട്ടിരിക്കുകയല്ലാതെ അഹ്മ ദിയ്യാ ജമാഅത്തിലെ മുഖ്യന്മാർക്ക് മറ്റു പണികളൊന്നുമില്ലേ? നിങ്ങളുടെ വീക്ഷണത്തിലാണെങ്കിലോ ഈ ജമാഅത്തിന് ഒരു പ്രസക്തിയുമില്ലതാനും. നിങ്ങളെന്തിനാണ് വെപ്രാളം പിടിക്കുന്നത്? നിങ്ങളെന്തിനാണ് സാമൂഹ്യ ബഹിഷ്ക്കരണം നടത്തുന്നത്? ജമാഅത്ത് അഹ്മദിയ്യായിലെ സഹോദര ങ്ങൾ ഞങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിനെ നിങ്ങൾ എന്തിനാണ് ഭയ പ്പെടുന്നത്? അഹ്മദിയ്യാ ജമാഅത്തിലെ ആളുകൾ ഞങ്ങളുമായി ബന്ധം സ്ഥാപിച്ചാൽ അവർ ഈ ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ചുകളയും എന്ന് നിങ്ങൾ ഭയപ്പെടുകയാണോ? അങ്ങനെ മനുഷ്യനിർമ്മിതമായി ഖിലാ ഫത്തിനെതിരിൽ പ്രക്ഷോഭമുണ്ടാകുമെന്ന് ഭയപ്പെടുകയാണോ? അവർ എന്തിനെയാണ് ഭയപ്പെടുന്നത്? തീർച്ചയായും തക്കതായ ഒരു കാരണ മുണ്ടാകണം അല്ലേ? അഹ്മദികൾക്ക് അവർ നല്കുന്ന അർത്ഥശൂന്യമായ മറുപടി മതിയാകുകയില്ല എന്നല്ലേ അതിനർത്ഥം. ഞങ്ങൾ നിങ്ങളുടെ ശത്രു ക്കളാണ് എന്ന് തന്നെ വാദത്തിനുവേണ്ടി സമ്മതിക്കാം. കഴിഞ്ഞ 13 വർഷ മായി ഞങ്ങൾ നിങ്ങളോട് എന്ത് ശത്രുതയാണ് കാട്ടിയത്? ശൈത്താന്റെ വഴിയിലേക്കാണോ അതോ അല്ലാഹുവിന്റെ വഴിയിലേക്കാണോ ഞങ്ങൾ മാർഗ്ഗദർശനം നല്കിയത്. ജനങ്ങളെ അവരുടെ അധാർമ്മികമായ ജീവിത ത്തിൽ നിന്നും സംസ്ക്കാരപൂർണ്ണമായ ജീവിതത്തിലേക്ക് വഴികാണിച്ചതു കൊണ്ടോ? അതോ അനിസ്ലാമിക ജീവിതം നയിക്കുവാൻ അവരെ പ്രേരിപ്പി ച്ചുവോ? അതോ ഞങ്ങൾ വല്ല ബഹിഷ്ക്കരണവും നടത്തി ജനങ്ങളിൽ നിന്നും അകലുവാൻ ശ്രമിച്ചുവോ? അത് നിങ്ങളല്ലേ ചെയ്തത്? ആരാണ് സത്യവാൻ? അല്ലാഹുവിന്റെ സന്ദേശത്തെ ശരിയായി എത്തിക്കുവാൻ കഴി യാതെ, ദൈവീക സഹായം ലഭിക്കാത്ത, മനുഷ്യർ തെരഞ്ഞെടുത്ത ഖലീ ഫയെയാണോ വേണ്ടത്? അതോ അല്ലാഹുവിന്റെ ദൂതനെയാണോ വേണ്ടത്? അല്ലാഹുവിന്റെ ദൂതൻ അല്ലാഹുമായി സംഭാഷണം നടത്തു ന്നു. വെളിപാടുകൾ ലഭിക്കുന്നു. അതിലൂടെ അഹ്മദികളുടെ അവസ്ഥ വ്യക്തമാക്കുന്നു. മറ്റു മുസ്ലിംകളുടെ അവസ്ഥയും വ്യക്താമാക്കുന്നു. ലോകത്തെ മൊത്തത്തിൽ ബാധിക്കുന്ന കാര്യങ്ങൾ വെളിവാക്കുന്നു. തന്റെ പ്രതിനിധിയെ ഇപ്പോൾ നിയോഗിക്കുവാൻ അല്ലാഹു തീരുമാനിച്ച തെന്തേ?

തന്റെ ദാസന്മാർ, ദൈവീകാധ്യാപനങ്ങളിൽ നിന്നും വഴിതെറ്റി പോവുകയും വ്യതിചലിച്ചുപോവുകയും ചെയ്യുമ്പോൾ അത് കണ്ട് അല്ലാഹു സന്തോഷിക്കുമെന്നു കരുതുന്നുണ്ടോ? അല്ലാഹു അതിൻമേൽ ഒരു നടപടിയും സ്വീകരിക്കുകയില്ലേ?

## *THE ARROGANT AND PROUD IN JAMAAT AHMADIYA WHO THINK THAT THE SEAT OF POWER IS FOR THEM*

## ജമാഅത്ത് അഹ്മദിയ്യായിലെ ദുരഹങ്കാരികൾ, അധികാരം അവരുടെ കുത്തകയാണെന്നു കരുതുന്നു.

ജമാത്ത് അഹ്മദിയ്യായിലെ വലിയ പണ്ഡിതന്മാരെന്ന് അഭിമാനിക്കുന്ന ഈ ദുരഭിമാനികളോട് ഞാൻ ചോദിക്കുകയാണ്. ബഹിഷ്ക്കരണം നടത്തണമെന്ന് എവിടെയാണ് പറഞ്ഞിരിക്കുന്നത്? ദൈവീക വെളിപാടുകൾ ലഭിക്കുന്നവരെ ബഹിഷ്ക്കരിക്കണമെന്ന് വിശുദ്ധഖുർആനിൽ ഏതു വചനത്തിൽ എവിടെയാണ് പറഞ്ഞിരിക്കുന്നത്? അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന വെളിപാടുകളിൽ വിശ്വസിക്കുന്നതവരെ ബഹിഷ്ക്കരിക്കണമെന്ന് എവിടെയാണ് പറഞ്ഞിരിക്കുന്നത്? ജമാഅത്ത് അഹ്മദിയ്യായിൽ നിന്നു പുറത്താക്കുവാനും അവരെ ബഹിഷ്ക്കരിക്കുവാനും എവിടെയാണ് പറഞ്ഞിരിക്കുന്നത്? കഴിയുമെങ്കിൽ തെളിയിക്കുക. അല്ലെങ്കിൽ ഈ വിഷയത്തിൽ ഒരു ഹദീസ് എങ്കിലും കാണിക്കുക. കഴിയുമെങ്കിൽ തെളിയിക്കുക കുടുംബാംഗങ്ങളുമായുള്ള ബന്ധം പോലും വിഛേദിക്കുവാൻ എവിടെയാണ് പറഞ്ഞിരിക്കുന്നത്? അവരോട് സലാം പറയരുത് എന്ന് എവിടെയാണ് പറഞ്ഞിരിക്കുന്നത്? അവരെ ഒന്നിനും ക്ഷണിക്കരുത് എന്ന് എവിടെയാണ് പറഞ്ഞിരിക്കുന്നത്? അവർ എന്ത് നിയമമാണ് പ്രയോഗിക്കുന്നത്? ഖുർആന്റെ നിയമമാണോ? മുഹമ്മദ് മുസ്തഫ(സ)യുടെയും മസീഹ് മൗഊദ് (അ)ന്റെയും അധ്യാപനങ്ങളാണോ ഇത്? അതോ രാജ്യത്തെ നിയമമാണോ? അതോ ജനങ്ങളെ ഭയപ്പെടുത്തുവാൻ അവർ അവരുടെ തന്നെ നിയമങ്ങൾ നടപ്പിലാക്കുകയാണോ? കാരണം മൗറിഷ്യസിലെ ജമാഅത്ത് അഹ്മദിയ്യായെ ഭരിക്കുന്നത് ഒരു പിടികുടുംബങ്ങളാണ്. താജൂ, ജോമാഹീർ, സൂക്കിയ തുടങ്ങിയവർ. മൗറിഷ്യസിലെ ജമാഅത്ത് അഹ്മദിയ്യായുടെ സംരക്ഷണത്തിന് മറ്റാരും അവിടെഇല്ലാത്തതുപോലെയാണ് അവരുടെ പെരുമാറ്റങ്ങൾ! വർഷങ്ങൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. പുതിയ വർഷങ്ങൾ വന്നു കൊണ്ടിരിക്കുന്നു. ജമാഅത്തിന്റെ തലപ്പത്ത് അതേ ആളുകളെതന്നെയാണ് കാണുന്നത്!

ധാരാളം പരിപാടികൾ നടക്കുന്നു. മാന്യത കിട്ടുന്നതിന് മുന്നോട്ടു വരുന്നതും അവർ മാത്രമാണ്! ബുദ്ധിയുള്ള മറ്റൊരു മനുഷ്യനും ഇല്ലാത്തതുപോലെ! അവരെക്കാൾ ശ്രേഷ്ഠരായ ആരും ഇല്ലാത്തതുപോലെ! മതകാര്യത്തിൽ അവരോടു സംസാരിക്കുവാൻ ആരാണുള്ളത്? ഒരു പിടി

കുടുംബങ്ങളാൽ നിയന്ത്രിക്കുന്ന, ഒരു ജമാഅത്താണിത്? കുടുംബകാര്യങ്ങളെ പോലെ അവരതിനെ കാണുന്നു. ജമാഅത്തിലെ സാധാരണക്കാർ (അവരുടെ കണ്ണുകളിൽ വെറും സാധാരണക്കാർ) അവരുടെ ജോലി. ബിരിയാണിവെക്കലും, പാത്രം കഴുകലും, ഹാൾ വൃത്തിയാക്കലും, പരിപാടികൾക്ക് കസേരകൾ ക്രമീകരിക്കലും മറ്റുമാണ് ജോലി. ഈ ദുരഹങ്കാരികൾ ഈ പാപങ്ങളെ എന്നും താണവരായി മാത്രം കണ്ടിട്ടുള്ളൂ. പാവപ്പെട്ട കുടുംബത്തിലെ പ്രശ്നങ്ങൾക്കൊന്നും അവർക്ക് യാതൊരു താത്പര്യവുമില്ല. എന്നാൽ അവർ അവരുടെ രക്തബന്ധത്തിൽപ്പെട്ടവരാണെങ്കിൽ, അവരുടെ കുടുംബത്തിൽപ്പെട്ടവരാണെങ്കിൽ, അവർ അവർക്കുവേണ്ടി വേണ്ടതെല്ലാം ചെയ്യും. അവരുടെ കുടുംബ മഹിമ നിലനിർത്തുന്നതിനു വേണ്ടി

## *THE AUTHORITY IN JAMAAT AHMADIYA IS SEEKING HONOUR*

ജമാഅത്തിലെ അഹ്മദിയ്യായിലെ അധികാരിവർഗ്ഗം ആദരവ് ആഗ്രഹിക്കുന്നു

മറ്റുള്ളവർ സത്യം കണ്ടെത്തുന്നതിൽ നിന്നും അവരെ അവർ തടയുന്നു അവർ വിചാരിക്കുന്നത് മറ്റുള്ളവർ അവരെ തന്നെ ശ്രദ്ധിക്കണം. അറിവുള്ളവരും, ബുദ്ധിമാന്മാരും അവരു മാത്രമെയുള്ളൂ എന്ന് അവർ കരുതുന്നു. അല്ലാഹുവിന്റെ ദാസന്മാർക്കെതിരിൽ അവർ വളരെ മോശമായി സംസാരിക്കുന്നു. അവരുടെ നാവിൽ നിന്നും വരുന്ന വാക്കുകളിൽ നിന്നും അവരുടെ ശത്രുതയുടെ ആഴം വ്യക്തമാണ്. എന്നാൽ അവരുടെ ഹൃദയം മറച്ചുവെയ്ക്കുന്നത് അതിനേക്കാൾ മോശമായതാണ്! സത്യാന്വേഷകർ, ഹൃദയത്തിൽ അല്ലാഹുവിനെ ഭയപ്പെടുന്നവർ, അല്ലാഹു വ്യക്തമായ ദൃഷ്ടാന്തം അവതരിപ്പിച്ചിരിക്കുന്നു എന്ന്, അവർ മനസ്സിലാക്കും, നിങ്ങൾക്ക് ബുദ്ധി ഉണ്ടെങ്കിൽ, അല്ലാഹുവിനെ മാത്രമെ ഭയപ്പെടുകയുള്ളൂ എന്നുണ്ടെങ്കിൽ തീർച്ചയായും ആ അടയാളങ്ങൾ നിങ്ങൾ കാണുക തന്നെ ചെയ്യും.

നിങ്ങൾ അവരെ ആദരിക്കുന്നു, സ്നേഹിക്കുന്നു കാരണം അവർ ജമാത്തിലെ അധികാരികളാണ്. നിങ്ങൾ കരുതുന്നത് അവർ ചെയ്യുന്നതെല്ലാം അല്ലാഹുവും അവന്റെ ദൂതനും(മസീഹും(അ) പറഞ്ഞതനുസിച്ചാണെന്ന്! അവരെന്തു പറയുന്നുവോ, അത് നിങ്ങൾ അനുസരിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം, അവർക്ക് പ്രത്യേക സ്ഥാനമാനങ്ങളുള്ളതായി അവർ കരുതുന്നു. അവർ അവരുടെ ഭൗതിക നേട്ടത്തിനായി, ദൈവീകാധ്യാപനങ്ങളെ, ചവിട്ടിമെതിക്കുകയാണെങ്കിലും, അത് ചെയ്യുവാൻ അവർക്ക് അശേഷം മടിയുണ്ടായിരിക്കുകയുമില്ല. നിങ്ങളെല്ലാവരും ഒന്നാണെന്ന് അവർ നിങ്ങളെ വിശസിപ്പിക്കുന്നു. ഒരു ജമാഅത്ത് ആണെന്ന് വിശ്വസിപ്പിക്കുന്നു. എന്നാൽ നിങ്ങൾ അവരുടെ ഗുരുതരമായ തെറ്റുകൾ / വിഡ്ഢിത്തരങ്ങൾ ചൂണ്ടികാണിച്ചാൽ അത് അവർക്ക് ഒട്ടും ഇഷ്ടപ്പെടുകയില്ല. കാരണം അവ

രുടെ വീക്ഷണത്തിൽ, നിങ്ങൾ അവരെക്കാൾ അറിവുള്ളവരല്ല. അവർ മാത്രമാണ് അറിവുള്ളവർ (എല്ലാം അറിയാമെന്ന് ഭാവിക്കുന്ന മിസ്റ്റർ) അവർ എപ്പോഴാണ് നിങ്ങളിലേക്ക് നോക്കുന്നത്? അവർ നിങ്ങളോടുള്ള കോപത്താൽ അവരുടെ കൈവിരലുകൾ കടിച്ച് കുടയുന്നു. അവരുടെ ഹൃദയങ്ങൾ മറച്ചുവെയ്ക്കുന്നത് അറിയുന്നവൻ അല്ലാഹു മാത്രമാകുന്നു. എന്നിട്ട് അവർ, അതേ ആളുകൾ തന്നെ നിങ്ങളോടു പറയും നമ്മുടെ ലക്ഷ്യം "എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്"

## *THEY WANT ALL POWER / GRANDEUR FOR THEMSELVES*

## എല്ലാ അധികാരങ്ങളും മഹത്വങ്ങളും അവർക്കു മാത്രം വേണം

ഇത്തരം ആളുകൾ അവർ സ്വയം ഔന്നത്യം ഉള്ളവരാണെന്ന് കരുതുന്നു. അവർക്ക് മാത്രമേ അറിവുള്ളു എന്നും കരുതുന്നു. ധനവും, ജോലിസംബന്ധമായ വലിയപദവിയും, കുടുംബമഹിമയും അവർക്കു മാത്രമാണെന്ന് ധരിക്കുന്നു. അവരുടെ അഭിപ്രായമനുസരിച്ച്, അവരെ എല്ലാവരും ബഹുമാനിക്കണം. അവരുടെ ജോലിസ്ഥലത്ത്, ആരെ നിയമിക്കണമെന്ന്, തീരുമാനിക്കുന്നത് അവരാണ്, അങ്ങനെ അവർ സംഘടനാ നേതൃനിരയിൽ, പിടിമുറുക്കുന്നു, മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതിൽ അവർ അശേഷം മടിക്കില്ല. മറ്റുള്ളവർക്ക് ലഭിക്കേണ്ട സ്ഥാനങ്ങൾ അവർ തട്ടിയെടുക്കുന്നു. എന്നിട്ട് അവർ മുന്തിയ ശമ്പളം കരസ്ഥമാക്കുന്നു. കാറും

മറ്റു, പ്രത്യേക അവകാശങ്ങളും, പ്രമോഷനിലൂടെ നേടുന്നു. യഥാർത്ഥമായ യജമാനൻ/മേലാധികാരി അവർ എന്ന നിലയിൽ പെരുമാറുന്നു. ഇത്തരം ആളുകൾ നടക്കുമ്പോൾ, അവന്റെ നെഞ്ച് ഉയർത്തി പിടിക്കുന്നു. മാത്രമല്ല വീമ്പടിച്ചുകൊണ്ട് നടക്കുന്നു. ഇപ്രകാരം ചെയ്യുന്നതിലൂടെ അവൻ കരുതുന്നത്, അവൻ പർവ്വതങ്ങളുടെ മുകളിലെത്തിയെന്നാണ് ഇത്തരം മന്ദബുദ്ധികൾ കരുതുന്നത്! ഇനി നിങ്ങൾക്കെന്തെങ്കിലും നന്മവരുകയാണെങ്കിൽ അവർ ദുഃഖിതരാകും. ഇനി നിങ്ങൾക്കെന്തെങ്കിലും ദൗർഭാഗ്യം വരുകയാണെങ്കിൽ, അവരായിരിക്കും ആദ്യം സന്തോഷിക്കുക, എന്നിട്ട് ആർത്തു ചിരിക്കും.

നിങ്ങൾ നിങ്ങളുടെ സ്രഷ്ടാവിൽ ഭരമേല്പിക്കുകയാണെങ്കിൽ, എന്നിട്ട് നിങ്ങൾ അല്ലാഹുവിലേക്ക് തിരിയുകയാണെങ്കിൽ, മറിച്ച്, ഈ പരിഹാസ ചോദ്യങ്ങളൊന്നും ഒരല്പംപോലും നിങ്ങളിലേക്കേശുകയില്ല. മറിച്ച്, അല്ലാഹു(ത) അവരുടെ പ്രവർത്തനങ്ങളുടെ വൃത്തത്തിൽ അവരെ വട്ടം ചുറ്റിക്കുകയും, അല്ലാഹുവിൽ വിശ്വാസമുള്ളവർ, അവനിൽ മാത്രം അവരുടെ കാര്യങ്ങൾ ഭരമേല്പിക്കുക, മഹത്വം നേടുന്ന ഇത്തരം ത്രീവ്രജീവികളെ ഏല്പിക്കരുത്!

ആരാണോ അല്ലാഹുവിൽ ഭരമേല്പിക്കുന്നത്, അവർ സ്വയം ക്ഷമ അവലംബിക്കേണ്ടതാണ്. അല്ലാഹുവിന്റെ സംരക്ഷണം തേടേണ്ടതാണ്. അങ്ങനെയാണെങ്കിൽ നിങ്ങളുടെ ശത്രു നിങ്ങളെ, പൊടുന്നെനെ, നിങ്ങളെ ആക്രമിക്കുകയാണെങ്കിൽ, അല്ലാഹു(ത) നിങ്ങളെ അവഗണിക്കുകയില്ല, നിങ്ങളുടെ രക്ഷയ്ക്കായി അവൻ എത്തുന്നതാണ്.

## ALLAH LOVES THE DOERS OF GOOD

### "നന്മ പ്രവർത്തിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു."

നല്ല പ്രവർത്തനങ്ങളിലേർപ്പെടുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. ശത്രുത, വിപ്ലവം, കുഴപ്പം ഇവ മനുഷ്യഹൃദയങ്ങളിൽ ഉണ്ടാക്കുന്നവരെ, അവൻ ഇഷ്ടപ്പെടുന്നില്ല, ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ച, വിശ്വാസികളുടെ മേൽ നിസ്സഹകരം ഏർപ്പെടുത്തുന്നവരെയും അവൻ ഇഷ്ടപ്പെടുന്നില്ല. അല്ലാഹുവിനെകുറിച്ചുള്ള ഭയം ഹൃദയത്തിൽ കാത്തുസൂക്ഷിക്കുന്ന വിശ്വാസികൾക്ക് അവരുടെ ധൈര്യം ഒരിക്കലും ചോർന്നു പോവുകയില്ല. ബുദ്ധിമാൻമാരെന്നു സ്വയം പറയപ്പെടുന്ന, മന്ദബുദ്ധികൾ അസൂയയാൽ ചെയ്യുന്ന കുഴപ്പങ്ങൾ കണ്ട്, അവർ നിരാശരാകുന്നവരല്ല. ഇവർ നിസ്സഹരണം ഏർപ്പെടുത്തിയാൽ, അതിനെ അംഗീകരിക്കുന്നവരല്ല അവർ. എന്നാൽ അവർ സലാം പറയുന്നവരാണ്. മറിച്ച്, ഒരു പ്രവാചകന്റെ ആഗമനസമയത്ത്, നിസ്സഹരണത്തിനുള്ള ഇത്തരം കല്പനകൾ ഉണ്ടാകുന്നതാണ് എന്ന് അവർ മനസ്സിലാക്കുകയും, അതിൽ അവർ സന്തോഷിക്കുകയും ചെയ്യുന്നതാണ്. ഒടുവിൽ വിശ്വാസികൾ മനസ്സിലാക്കുന്നതാണ്, അതായത്, അന്തിമമായി അല്ലാഹുവും അവന്റെ ദൂതന്മാരും വിജയിക്കുന്നതാണ് എന്ന്

## YOU MUST NOT LET THEIR ACTIONS FOOL YOU, OH TRUTH SEEKERS

### അല്ലെയോ സത്യന്വേഷകരെ! അവരുടെ പ്രവർത്തനങ്ങൾ നിങ്ങളെ ഒരിക്കലും ഒരു വിഡ്ഢിയാക്കി മാറ്റരുത്

മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിലെ ഈ അഹംഭാവികളായ ആളുകളുടെ, പ്രകടമായ സമ്പൽസമൃദ്ധികണ്ടും പ്രവർത്തനങ്ങൾ കണ്ടും, നിങ്ങൾ വിഡ്ഢികളായി പോകരുത്. അവരുടെ ഈ ആസ്വാദനം അല്പകാലത്തേക്കുള്ളതു മാത്രമാണ്. അവരുടെ ധനമോ അവരുടെ സന്താനങ്ങളോ, അല്ലാഹുവിൽ നിന്നും അവരെ സ്വതന്ത്രരാക്കുകയില്ല. അവരുടെ സന്താനങ്ങളുടെ മേൽ അപമാനം ആപതിക്കുന്നതാണ്. ഏതൊരു കാര്യത്തിൽ അവർ ഊറ്റം നടിച്ചുവോ അതായത് അവരുടെ ധനത്തിന്റെ മേലും, അവരുടെ തൊഴിലിന്റെമേലും നിന്ദ്യം വന്നിറങ്ങുന്നതാണ്. എത്രത്തോളം ഉന്നതിയിൽ എത്തിച്ചേരാൻ അല്ലാഹു അവരെ പ്രാപ്തമാക്കുന്നുവോ, അത്രത്തോളം അവരുടെ പതനവും വളരെ വലുതായിരിക്കും.

## THE INJUSTICE WHICH THEY HAVE DONE

## അവർ ചെയ്ത അനീതി

സാധാരണ ജനങ്ങളോട് അവർ ചെയ്ത അനീതി, പ്രസ്തുത അനീതിയോടൊപ്പം അവർക്കിടയിലും, അവർ, അത് നടപ്പിലാക്കി, അത്, അല്ലാഹുവിനെ ഭയപ്പെടുന്നവരുടെ ഹൃദയങ്ങൾക്ക് മുറിവേല്പിക്കുവാൻ കാരണമായി, അല്ലാഹു(ത) താഴെ സൂചിപ്പിക്കുന്ന വചനത്തിൽ പറയുന്നു. ആരാണോ അനീതിമൂലവും അക്രമം മൂലവും അത് ചെയ്യുന്നത്, അവനെ നാം അഗ്നിയിലേക്ക് വലിച്ചെറിയുന്നതാണ്, ഇത് അല്ലാഹുവിന് വളരെ എളുപ്പമുള്ള കാര്യമാകുന്നു.

മറ്റുള്ളവർക്ക് ഉപദ്രവമേല്പിക്കുന്ന പദ്ധതിയുമായി നടക്കുന്ന അസൂയാലുക്കളെയും, അനീതിക്കാരെയും, പൊങ്ങച്ചക്കാരേയും, വഞ്ചകന്മാരെയും അല്ലാഹു(ത) സ്നേഹിക്കുകയില്ല. അവർക്ക് തീർച്ചയായും നിന്ദ്യമായ ശിക്ഷ ലഭിക്കുന്നതു തന്നെയാണ്.

അല്ലാഹു(ത) അനീതികാണിക്കുന്നവനല്ല; ഒരു എറുമ്പിന്റെ അത്രപോലും അനീതി കാണിക്കുകയില്ല. എന്നാൽ ഈ ആളുകൾ, സൃഷ്ടാവിനെക്കാളും വലിയവരാണ് എന്ന നിലയിലാണ് ഭൂമിയിലെ നടപ്പ്! അവർ മറ്റുള്ളവരെക്കാളും പരിശുദ്ധരാണ് എന്ന് കരുതുകയും ചെയ്യുന്നു. അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. സ്വയം പരിശുദ്ധരാണ് എന്നവകാശപ്പെടുന്നവരെ നീ കണ്ടില്ലേ? എന്നാൽ കാര്യം അങ്ങനെയല്ല; അല്ലാഹു(ത) അവനുദ്ദേശിക്കുന്നവരെ, അവൻ പരിശുദ്ധി ഉള്ളവരാക്കുന്നു. തരിമ്പും അവരോട് അനീതി കാട്ടപെടുകയില്ല.

അല്ലാഹു(ത) ഒരാളോടും തരിമ്പും അനീതികാട്ടുകയില്ല. മനസ്സിലാക്കുക, ഭൗതിക സുഖം വെറും താത്ക്കാലികമാകുന്നു. അല്ലാഹുവിന്റെ പാതയിൽ സഞ്ചരിക്കുന്നവർക്ക് ഉത്തമമായത് പാരത്രീക ലോക ജീവിതമാണ്. അവർ ആരേയും ഉപദ്രവിക്കുകയില്ല, അവർ ആരുടെ മേലും നിസ്സഹരണം ഏർപ്പെടത്തുന്നവരല്ല, മറ്റുള്ളവരോട് സലാം പറയാൻ പാടില്ല എന്ന് പറയുന്നവരുമല്ല. ഇതിനു വിപരീതം പ്രവർത്തിക്കുന്നവരാണ് ഈ മുല്ലാവർഗ്ഗം (അതായത് നിസ്സഹരണം ഏർപ്പെടുത്തുക, സലാം പറയാൻ പാടില്ല എന്ന് ഫത്'വ പുറപ്പെടുവിക്കുക അല്ലാഹുവിന്റെ കല്പനകൾക്ക് വിപരീതം പ്രവർത്തിക്കുക, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ അധ്യാപനങ്ങൾക്ക വിപരീതം പ്രവർത്തിക്കുക, ഹസ്രത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങൾക്കും വിപരീതം പ്രവർത്തിക്കുക)

## THOSE IN POWER ARE NOT SANCTIONED, COMMON PEOPLE-POOR FAMILIES ARE SANCTIONED

## അധികാരത്തിലിരിക്കുന്നവർക്ക് പിഴയില്ല. സാധാരണ ആളുകൾക്കും, പാവപ്പെട്ട കുടുംബങ്ങൾക്കും പിഴചുമത്തപ്പെടുന്നു.

(ജമാഅത്തിലെ) ഒരു പാവപ്പെട്ട കുടുംബം തെറ്റുകൾ ചെയ്താൽ, ഉടൻതന്നെ പിഴ നടപ്പിൽവരുത്തുന്നു. അവനെതിരിൽ നടപടി നടത്തുന്നു. പാവപ്പെട്ട ഒരു കുടുംബം, ഒരു പ്രശ്നത്തെ നേരിടുമ്പോൾ, അവരുടെ പ്രശ്നം കേൾക്കാൻ സമയമില്ല, അവരെ സഹായിക്കാനും ആരുമില്ല. എന്നാൽ ജമാഅത്തിൽ അധികാരമുള്ളവരെ കേൾക്കാനും ആളുണ്ട്, അനുസരിക്കാനും ആളുണ്ട്. അവർ (സാധാരണ ആളുകൾ) ഖുർആനും പഠിപ്പിച്ചിട്ടില്ല, വിശുദ്ധപ്രവാചകൻ മുഹമ്മദ് (സ)ന്റെയും മസീഹ് മൗഊദ് (അ)ന്റെയും അധ്യാപനങ്ങൾ ഒട്ടുപഠിച്ചിട്ടുമില്ല. എന്നാൽ അവർ, ഈ പറയപ്പെട്ട പ്രധാനികൾ പറയുന്നത്, കേൾക്കാനും തയ്യാറാണ്, അനുസരിക്കാനും തയ്യാറാണ്. അവരുടെ തന്നെ കുടുംബാംഗങ്ങൾക്കെതിരിൽ നിസ്സഹകരണം ഏർപ്പെടുത്തുവാനും തയ്യാറാണ്.

മറ്റൊരു ഭാഗം നോക്കു! ഒരു വിഗ്രഹാരാധകനായ മനുഷ്യൻ, അല്ലെങ്കിൽ ഹസ്രത് മസീഹ് മൗഊദ് (അ) ന്റെ ഒരു കഠിനശത്രു ആണെന്നിരിക്കട്ടെ, അവരെ ക്ഷണിക്കുന്നതിന് ഒരു തടസ്സവുമില്ല. ഇത്തരം ആളുകളുടെ മേൽ ഒരു നിസ്സഹരണവുമില്ല. പ്രസ്തുത സ്ഥലത്തു നിന്ന് ഒരാളും എഴുന്നേറ്റ് അവിടം ബഹിഷ്ക്കരിക്കുകയില്ല. മോട്ടോർ സൈക്കിളിന്റെ വേഗതയിൽ വിവാഹ കർമ്മം നടത്തപ്പെടുകയുമില്ല. ഇത്തരം ആളുകൾ, അവരെ സ്വീകരിക്കുവാൻ അനുവദിക്കപ്പെട്ടിരിക്കുന്നു. അവരുമായി നല്ല നിലയിൽ ഇടപഴകുവാൻ അനുവദിച്ചിരിക്കുന്നു. എന്നാൽ ദൈവീകദൃഷ്ടാന്തത്തെ, ഒരുവൻ സ്വീകരിച്ചാൽ, മസീഹ്മൗഊദ്(അ)ന്റെ ജമാഅത്തിൽ കാണപ്പെട്ടാൽ, അവന്റെ മേൽ നിസ്സഹകരണം നടപ്പിലാക്കപ്പെടുന്നു.

## OFFICIAL BOYCOTT DOCUMENT, WHERE ARE WE GOING?

## ഔദ്യോഗിക നിസ്സഹകരണ രേഖ, നാം എങ്ങോട്ടാണ് പോകുന്നത്?

ഖലീഫ രംഗത്തിന് പുറകിലാണ്. വക്കീലെ ആല ചൗദുരി ഹമീദുല്ലായാണ് ഇതിന്റെ തുടക്കം കുറിക്കുന്നത്. എന്നിട്ട് അദ്ദേഹം പറയും ഇത് ഖലീഫയിൽ നിന്നു വന്ന നിർദ്ദേശമാണ്. അർത്ഥം വ്യക്തമല്ലാത്ത ഒരു കത്ത്! (നിസ്സഹകരണം ഉണ്ടോ? അതോ ഇല്ലയോ) ഏകദേശം പത്തു വർഷക്കാലം പ്രചരിപ്പിക്കുകയുണ്ടായി (2004-2014) അഹ്മദികൾക്കുപോലും അറിയില്ല ഇതിന്റെ ശരിയായ വ്യാഖ്യാനം-സാമൂഹ്യബന്ധം ഖലീഫയും ചെറിയ ഡപ്യൂട്ടിചീഫ്മാരും അർത്ഥമാക്കുന്ന സാമൂഹ്യബന്ധം എന്താണെന്ന്! മനുഷ്യരാൽ തെരഞ്ഞെടുത്ത ഖലീഫയ്ക്ക് അറിയാൻ വേണ്ടി, പ്രസ്തുത അഹ്മദികൾക്കു വേണ്ടി മാത്രമുള്ള, ഗൂഢാർത്ഥമുള്ള സന്ദേശമായിരുന്നോ? അതോ, ഇത് മനസ്സിലാക്കരുത് എന്ന ലക്ഷ്യത്തോടെ അവർ ചെയ്തതാണോ? പ്രസ്തുത കത്തിൽ സൂചിപ്പിച്ച ഏതാനും പോയിന്റുകൾ ഇതാ നോക്കൂ (26മെയ് 2004)

- ജമാഅത്ത് പിഴചുമത്തപ്പെട്ടവരെ, സാമൂഹ്യമോ, അല്ലെങ്കിൽ മറ്റു ജമാഅത്ത് അംഗങ്ങളുടെ പരിപാടികളിലോ, ക്ഷണിക്കപെടാൻ പാടില്ല
- ചില വ്യവസ്ഥകൾക്ക് വിധേയമായി അവരോട് (പിഴചുമത്തപ്പെട്ടവരോട്) ഒരാൾക്ക് സംസാരിക്കാവുന്നതാണ്. എന്നാൽ അവരുമായി ഒരിക്കലും സാമൂഹ്യബന്ധം സ്ഥാപിക്കുവാൻ പാടില്ല.
- സമ്പൂർണ്ണമായും അവരെ നിസ്സഹകരണത്തിലാക്കരുത്, എന്നാൽ അവരെ അവരുടെ തെറ്റുകൾ മനസ്സിലാക്കി കൊടുക്കേണ്ടതാണ്.
- ചന്ദ: പോലുള്ള അവരുടെ സംഭാവനകൾ സ്വീകരിക്കുവാൻ പാടില്ല
- സാമൂഹ്യപരിപാടികളിൽ പങ്കെടുക്കുവാൻ അവരെ ക്ഷണിക്കരുത്. അങ്ങനെ ആയാൽ അവരുടെ തെറ്റുകൾക്കുള്ള പശ്ചാത്താപമായി എന്ന് കരുതുവാൻ ഇടയാകും
- ജമാഅത്തിന്റെ ഔദ്യോഗിക ഭാരവാഹികളും, അനുബന്ധശാഖയിലെ അംഗങ്ങളും, വിവാഹ ചടങ്ങുകളുടെ അത്യാവശ്യ നടപടികൾ പൂർത്തിയായാൽ, ഉടൻ തന്നെ, ഇസ്ലാമിന്റെ സത്തയ്ക്ക് നിരക്കാത്ത നടപടികളിൽ നിന്നും, പുറത്തു പോകേണ്ടതാണ്.

## IMPLIMENTATION OF THE BOYCOTT DOCUMENT IN THE LIVES OF THE AHMADIS

## അഹ്മദികളുടെ ജീവിതത്തിൽ നിസ്സഹരണ രേഖ നടപ്പാക്കൽ

അഹ്മദികളിൽ ഇടുങ്ങിയ മനസ്സുള്ളവരിലധികവും, പ്രസ്തുത രേഖ നടപ്പിലാക്കുവാനുള്ള വലിയ ശ്രമം ആരംഭിക്കുകയുണ്ടായി. പ്രസ്തുത അറിയിപ്പിലൂടെ അവർ ആവശ്യപ്പെട്ടതിലധികവും നടപ്പിലാക്കാൻ ശ്രമിക്കുകയാണ് ചെയ്തത്. നിസ്സഹരണം എങ്ങനെ നടപ്പിലാക്കണമെന്ന് അവർ ഓരോരുത്തരും അവരുടേതായ ആശയം നടപ്പിലാക്കി തുടങ്ങി. എന്തുകൊണ്ട്? കാരണം അവർ അവരുടെ ഖലീഫയെ അത്രത്തോളം സ്നേഹിക്കുന്നു. ഈ സാഹചര്യത്തിൽ അല്ലാഹുവിന്റെ കല്പനയെക്കാൾ, മുൻപിലായി ഖലീഫയുടെ സ്ഥാനം.

## WHAT ALLAH AND HIS PROPHET (SAW) SAY AND WHAT KHALIFA SAYS

## അല്ലാഹുവും അവന്റെ ദൂതൻ (സ)യും എന്തു പറയുന്നു? ഖലീഫ എന്തു പറയുന്നു?

“ഇനി നിങ്ങൾ പിന്തിരിഞ്ഞു പോയാൽ നിങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും കുടുംബബന്ധങ്ങളെ മുറിച്ചു കളയുകയും ചെയ്തേക്കുമോ? അത്തരക്കാർ അല്ലാഹു ശപിച്ചവരാണ്. അതിനാൽ അവൻ അവരെ ബധിരരാക്കുകയും അവരുടെ കണ്ണുകളെ അന്ധമാക്കുകയും ചെയ്തിരിക്കുന്നു” (47:23-24)

- ഖലീഫ പറയുന്നു, നിങ്ങൾ സംസാരിക്കുക, സാമൂഹ്യബന്ധങ്ങൾ നടത്തേണ്ടതില്ല. എന്താണ് ഇതുകൊണ്ട്ർത്ഥമാക്കുന്നത്? സംസാരിക്കുമ്പോൾ, ഓരാളോട് സലാം പറഞ്ഞുകൊണ്ട് ആരംഭിക്കേണ്ടതല്ലേ?

  സംസാരിക്കുന്നതിന്, അല്ലെങ്കിൽ സാമൂഹ്യബന്ധത്തിന്, സലാമിനെ വിഭജിച്ചു നിർത്തിയിട്ടുണ്ടോ?

- അല്ലാഹു (ത) പറയുന്നു, കുടുംബബന്ധങ്ങളെയും രക്തബന്ധങ്ങളെയും മുറിച്ചുകളയരുത് എന്ന്. ഖലീഫ പറയുന്നു, പിഴ ചുമത്തപ്പെട്ടവരെ നിങ്ങൾ ക്ഷണിക്കരുത് എന്ന്! അതുകൊണ്ട്ർത്ഥമാക്കുന്നത്, അവർ കുടുംബത്തിൽപെട്ടവരാണെങ്കിൽ പോലും, കല്യാണം അതുപോലെയുള്ള പരിപാടികളിൽ അവരെ ക്ഷണിക്കരുത്. ഇവിടെ ഏതൊക്കെ പരിപാടികളിലാണ് അവരെ ഉപായത്തിൽ കടത്തിവിടുന്നത്? ജമാഅത്തുപരിപാടികളിലോ? അഥവാ കുടുംബപരിപാടികളിലോ? അത് ജമാഅത്തു പരിപാടികളാണെങ്കിൽ, ഇനി വിവാഹ പരിപാടി വ്യക്തിപരവും /കുടുംബപരവുമാണോ? അതോ ജമാഅത്തുപരമാണോ?

- അല്ലാഹു(ത) പറയുന്നു അധികാരത്തിൽ നിശ്ചയിക്കപ്പെടുന്നവർ, കുടുംബബന്ധങ്ങളിൽ പോലും അകൽച്ച ഉണ്ടാക്കുവാൻ ശ്രമിക്കുന്നവരാണ്. അല്ലാഹു അവരെ ശപിച്ചിരിക്കുന്നു. ഇത്തരം ആൾക്കാർ ആത്മീയമായി അന്ധരും ബധിരരുമാണ്.

സത്യം ഇതാണ്, അവരിലുള്ള, ആഴത്തിൽ ചിന്തിക്കുന്നവർക്കറിയാം, ഇത് അല്ലാഹുവിൽ നിന്ന് വരുന്ന സത്യമാണെന്ന്! എന്നാൽ അവർ ഈ സത്യം അംഗീകരിക്കുന്നതിൽ നിന്നും ജമാഅത്തിലെ ആളുകളെ, അവർ, നിയന്ത്രിക്കുകയാണ്. കാരണം ഈ ചെറുമുഖ്യന്മാർ വഹിക്കുന്ന തസ്തികകൾ അവർക്ക് നഷ്ടമാകും. അതുകൊണ്ട് അവർ ഖലീഫഭക്തി, ജനഹൃദയങ്ങളിൽ കുത്തിവയ്ക്കുന്നു. അതുകൊണ്ട് അവരുടെ ഹൃദയങ്ങളിൽ അല്ലാഹുവിനോടുള്ള സ്നേഹം, അധികസ്വാധീനം ചെലുത്തുന്നില്ല. അപ്പോൾ, ഈ പ്രവർത്തി ആരുടേതാണ്? അല്ലാഹുവിന്റേതാണോ? ശൈത്താന്റേതാണോ? ഭിന്നിപ്പു ഉണ്ടാക്കുന്നത് ആരാണ് ഇഷ്ടപ്പെടുന്നത്? അല്ലാഹുവാണോ? അതോ ശൈത്താനാണോ?

ഒരു അഭിവാദനം കൊണ്ട് നിങ്ങൾ ആശംസിക്കപ്പെട്ടാൽ അതിനെക്കാൾ ഉത്തമമായ ഒന്നുകൊണ്ട് നിങ്ങൾ(തിരിച്ച് അങ്ങോട്ടും) ആശംസിക്കുക. അഥവ അതു(തന്നെ അങ്ങോട്ടും) മടക്കുക. തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളെ സംബന്ധിച്ചും കണക്കെടുക്കുന്നവനാകുന്നു 4:87

നിങ്ങൾക്ക് സമാധന സന്ദേശം ആശംസിക്കുന്നവനോട്, നീ സത്യവിശ്വാസിയല്ല എന്ന് പറയരുത് (4:95)

1. പ്രവാചകൻ(സ) പറഞ്ഞു, അല്ലാഹുവിനോട് ഏറ്റവും സാമീപ്യം ഉള്ളവർ, ആദ്യം സലാം പറയുന്നവരാണ് (അബൂദാവൂദ്)

2. പ്രവാചകൻ (സ) പറഞ്ഞു. നിങ്ങൾ പരസ്പര സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നതുവരെ, നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. ഇതിനായി ഞാൻ നിങ്ങൾക്കൊരു വഴി പറഞ്ഞു തരട്ടെയോ? പ്രസ്തുത വഴി നിങ്ങളെ പരസ്പരം സ്നേഹിക്കുവാൻ പ്രാപ്തമാക്കുന്നതാണ്. നിങ്ങൾക്കിടയിൽ സമാധാനാശംസകൾ (സലാം) അധികരിപ്പിക്കുക (ബുഖാരി)

3. മൂന്ന് രാത്രിയിൽ കൂടുതൽ, ഒരു മുസ്ലിം, തന്റെ സഹോദരനുമായി ബന്ധം വിടർത്തുന്നത് അനുവദനീയമല്ല. അവർ കണ്ടുമുട്ടുമ്പോൾ, ഒരുവൻ അവന്റെ മുഖം മറ്റേ സഹോദരനിൽ നിന്നും തിരിക്കുന്നു. മറ്റേ സഹോദരൻ, പ്രസ്തുത സഹോദരനിൽ നിന്നും മുഖം തിരിക്കുന്നു. ഇവർ രണ്ട് പേരിൽ ശ്രേഷ്ഠനായവൻ ആദ്യം സലാം പറയുന്നവനാണ് (ബുഖാരി)

ഇസ്ലാമിലെ സലാം പറയൽ, പാരുഷ്യത്തെയും അഹംഭാവത്തെയും കുറയ്ക്കുന്നു. അവ രണ്ടിനും ഇസ്ലാമിൽ സ്ഥാനമില്ല. ഇവയെ നശിപ്പിക്കുവാൻ കഴിയുന്നിടത്തോളം സലാം പറയുക.

4. പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു. ആദ്യമെ സലാം പറയുന്നവൻ അഹംഭാവമില്ലാത്തവനാണ് (ബുഖാരി)

ഹസ്രത് മുഹമ്മദ്(സ) ഇതു സംബന്ധമായി വീണ്ടും പറയുകയുണ്ടായി

5. മോശപ്രവർത്തികളിൽ താത്പര്യമുള്ള ആളുകളുടെ അടുത്തുകൂടി നിങ്ങൾ കടന്നു പോകുമ്പോൾ, നിങ്ങൾ അവരോട് സലാം പറയുക, നിങ്ങളോടുള്ള അവരുടെ തിന്മയും, ശത്രുതയും അപ്രത്യക്ഷമാകുന്നതാണ് (ബുഖാരി)

പരിശുദ്ധ പ്രവാചകൻ (സ) തന്നെ ഉപദ്രവിച്ചവരോട്, ഇത്തരം വാക്കുകൾ പറഞ്ഞിരിക്കെ, മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിലെ, ഈ പറയപ്പെട്ട നേതാക്കന്മാർക്ക്, തങ്ങളുടെ വിശ്വാസി സമൂഹത്തിലെ സഹോദരീ സഹോദരന്മാരോട്, ശത്രുത പ്രേരിപ്പിക്കുവാൻ, നിങ്ങൾക്കെങ്ങനെ കഴിയുന്നു? ഞങ്ങളിൽ എന്ത് ദോഷമാണ് നിങ്ങൾ കണ്ടെത്തിയത്? 10 വർഷത്തിൽ കൂടുതലായി, അഹ്മദികളിൽ നിങ്ങൾ, ഞങ്ങൾക്കെതിരിൽ, നിസ്സഹകരണം ഏർപ്പെടുത്തിയിരിക്കുന്നു. ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ചതിന്റെ പേരിൽ ഞങ്ങളുടെ കുടുംബബന്ധങ്ങളെ നിങ്ങൾ തകർത്തെറിഞ്ഞു. ഇസ്ലാമികമായി നിങ്ങൾ പറയൂ, ഈ 10 വർഷത്തെ നിസ്സഹകരണം ഇസ്ലാമികമായിരുന്നുവോ? ഇത് ഖുർആനിലോ സുന്നത്തിലോ നിങ്ങൾ കണ്ടതാണോ?

- എന്നിൽ നിന്നുള്ള മാർഗദർശനം വരികയാണെങ്കിൽ, അപ്പോൾ ആർ എന്റെ മാർഗദർശനത്തെ പിന്തുടരുന്നുവോ അവർക്ക് (ഭാവിയെപറ്റി) യാതൊരു ഭയവു മുണ്ടാകുന്നതല്ല. അവർ (കഴിഞ്ഞതിനെപറ്റി) വ്യസനിക്കുന്നതുമല്ല (2:39)

- വല്ലവരും അല്ലാഹുവിനെയും ഈ ദൈവദൂതനെയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ സദ്‌വൃത്തന്മാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രെ അവർ (4:70)

- അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും (അവൻ ദൂതനെ എഴുന്നേല്പിക്കുന്നതാണ് അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു(62:4)

- ഖലീഫ പറയുന്നു അവരെ പൂർണ്ണമായും ബഹിഷ്ക്കരിക്കരുത്. എന്നാൽ അവരുടെ തെറ്റുകൾ മനസ്സിലാക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പ്രവാചകന്മാരുടെ അനുചരന്മാർ, അല്ലാഹു(ത) യുടെ പരിഷ്ക്കർത്താക്കൾ, മുൻകാലങ്ങളിൽ തെറ്റു ചെയ്തിട്ടുണ്ട്ട്ടോ? ദൈവീക മായ നിലയിൽ നിശ്ചയിക്കപ്പെട്ട ദൂതന്മാരുടെ സത്യതയിൽ അംഗീകരിച്ചതിന്റെയും സ്വീകരിച്ചതിന്റെയും പേരിൽ! ഖലീഫയും, അഹ്മദികളും, വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന്റെ സാഹബാക്കളും തെററുചെയ്തിട്ടുണ്ടോ, അവർ, വാഗ്ദത്തമസീഹ് (അ) നെ സത്യവാനായ വാദിയാണെന്ന് അംഗീകരിച്ചതിന്റെയും സ്വീകരിച്ചതിന്റെയും പേരിൽ, ഇപ്പോൾ അവർ അദ്ദേഹത്തിന്റെ അനുചരന്മാരാണ്, അവരെ അഹ്മദി മുസ്ലിംകൾ എന്ന് വിളിക്കപ്പെടുന്നു?

- ജനങ്ങൾ തെരഞ്ഞെടുത്ത ഖലീഫ പറയുന്നതുപോലെ, യഥാർത്ഥത്തിൽ അതൊരു തെറ്റായിരുന്നെങ്കിൽ, അപ്പോൾ സുന്നികളും, മറ്റു മുസ്ലിം വിഭാഗങ്ങളും പറഞ്ഞത് തീർത്തും ശരിയായിരുന്നു. കാരണം ഹസ്രത് മസീഹ് മൗഊദ് (അ)നെയും അനുചരന്മാരെയും, അവർ, മുസ്ലിം വിഭാഗത്തിൽ നിന്നും ബഹിഷ്ക്കരിക്കുകയുണ്ടായി. അവരും പറഞ്ഞതങ്ങനെയാണ്, അവർ അവരുടെ തെറ്റുകൾ മനസ്സിലാക്കണം, മസീഹ് മൗഊദ് (അ)ന്റെ അനുചരന്മാർ, അവരുടെ തെറ്റുകൾ മനസ്സിലാക്കി, ഇസ്ലാമിലേക്ക് മടങ്ങി വരണം. ജനം, ഹസ്രത് മസീഹ് മൗഊദ് (അ)നെ അംഗീകരിച്ചപ്പോൾ അവർ ഇസ്ലാമിക വൃത്തത്തിൽ നിന്ന് പുറത്തായതുപോലയായി. അതുകൊണ്ടാണ് അവർ പരിശ്രമിക്കുന്നത്. അങ്ങനെ അവർ ഹസ്രത് മിർസാഗുലാം അഹ്മദി (അ)ലുള്ള വിശ്വാസം പരിത്യജിക്കട്ടെ, തൗബ ചൊല്ലട്ടെ, എന്നിട്ട് ഇസ്ലാമിലേക്ക് മടങ്ങിവരട്ടെ.

ചിന്താശീലമുള്ള അഹ്മദി സഹോദരന്മാരെ! ഇടുങ്ങിയ മനസ്സാകരുത്, നിങ്ങൾക്ക് അല്ലാഹു (ത)നല്കിയ ബുദ്ധി ഉപയോഗിച്ച് ചിന്തിച്ചു നോക്കു, ആ ചരിത്രം നിങ്ങൾ കാണുന്നില്ലേ? വിശുദ്ധഖുർആനിലൂടെയും, തിരുചര്യയിലൂടെയും വ്യക്തമാക്കിയ പ്രസ്തുത കാര്യം ആവർത്തിക്ക്പ്പെടുകയല്ലേ? ഓരോ നൂറ്റാണ്ടിന്റെയും തലയ്ക്കൽ മുജദ്ദിദ് വരുമെന്ന് ഹസ്രത് മുഹമ്മദ് മുസ്തഫ(സ) വാഗ്ദാനം ചെയ്തത്, തന്റെ ഉമ്മത്തിനു

വേണ്ടിയല്ലേ? ഹസ്രത് മസീഹ് മൗഊദ് (അ)യും പറഞ്ഞിട്ടില്ലേ? വാഗ്ദത്തമസീഹ് അദ്ദേഹം മാത്രമല്ല, അദ്ദേഹത്തിനു ശേഷം 10000 കണക്കിന് മസീഹ് മാർ വരുമെന്ന് (അദ്ദേഹവും പറഞ്ഞിട്ടില്ലേ?) മനുഷ്യരാൽ തെരഞ്ഞെടുത്ത നിങ്ങളുടെ ഖലീഫ ഉപായത്തിൽ നുഴഞ്ഞുകയറുകയാണെങ്കിൽ അതായത് സ്വയം തന്നെ ഞാൻ മുജദ്ദിദാണ് എന്ന് വാദമുണ്ടെങ്കിൽ, അല്ലാഹുവിന്റെ പേരിൽ അതൊരു ദിവസം അദ്ദേഹം പറയേണ്ടതല്ലേ? എന്നെ അല്ലാഹു(ത) മുജദ്ദിദാക്കിയിരിക്കുന്നു എന്ന് അദ്ദേഹം ഔദ്യോഗികമായി പ്രഖ്യാപിക്കേണ്ടതല്ലേ? അല്ലാഹു(ത) എന്നോട് സംസാരിച്ചുകൊണ്ടിരിക്കുന്നു എന്ന് പറയേണ്ടതല്ലേ? ഈ കാര്യത്തെ പറ്റി, നിങ്ങളൊരല്പം ചിന്തിച്ചു നോക്കു!

മുസലിഹ് മൗഊദ്, ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)നെ സംബന്ധിച്ച്, അദ്ദേഹം മനുഷ്യരാൽ തെരഞ്ഞെടുത്ത ഒരു ഖലീഫ ആയിട്ടാണ് രംഗത്തു വന്നത്. എന്നാൽ അതിന് ശേഷം, അല്ലാഹു (ത) അദ്ദേഹത്തെ അറിയിച്ചില്ലേ? കശ്ഫിലൂടെ, അദ്ദേഹമാണ് വാഗ്ദത്ത പുത്രനെന്നും, വാഗ്ദത്ത പരിഷ്ക്കർത്താവെന്നും, തന്റെ പിതാവിന് അല്ലാഹു വാഗ്ദാനം ചെയ്ത കാര്യം അദ്ദേഹത്തിലൂടെ പുലർന്നെന്നും പറഞ്ഞില്ലേ? ഹസ്രത് മുസ്ലിഹ് മൗഊദ് (റ) വെളിപാടും, ബോധനവും ലഭിച്ച ആളായിരുന്നില്ലേ? ആയതിനാൽ, ഈ രണ്ടു ഖലീഫമാരും തമ്മിലുള്ള വ്യത്യാസം നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കു! ഒരു വശത്ത് ഒരു ഖലീഫയെപറ്റി അല്ലാഹു(ത) അദ്ദേഹത്തിന്റെ യഥാർത്ഥ പദവി എന്തെന്ന് വ്യക്തമാക്കുന്നു. വാഗ്ദത്ത പുത്രനാണെന്നും വാഗ്ദത്ത പരിഷ്ക്കർത്താവാണെന്നും! അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ കാര്യം വ്യക്തവുമായി. മറു ഭാഗത്ത്, മറ്റൊരു ഖലീഫ, മറ്റൊരു ഖലീഫയെ പിന്തുടർന്ന ആൾ, അദ്ദേഹം ആളുകളെ ജമാഅത്തിൽ നിന്നും പുറത്താക്കുന്നു. നിസ്സഹകരണം ഏർപ്പെടുത്തുന്നു. അല്ലാഹു(ത) നിയോഗിച്ച അല്ലാഹുവിന്റെ ഖലീഫയെ തകർക്കാനും ശ്രമിക്കുന്നു!

പ്രസ്തുത ഉപദേശം നാം മറന്നു പോകരുത്. ഈ ഖലീഫ അദ്ദേഹത്തിന്റെ വക്കീലുൽ ആലായിലൂടെ പറഞ്ഞു. പ്രസ്തുത ആളുകൾ (പിഴച്ചു മത്തപ്പെട്ടവർ) ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്. നാം യഥാർത്ഥമായ നിലയിൽ തന്നെ ഒരു തെറ്റു ചെയ്തു എന്നിരിക്കട്ടെ! അത്തരം സാഹചര്യത്തിൽ നാം ആരോടാണ് ഇസ്തിഗ്ഫാർ ചെയ്യേണ്ടത്? അല്ലാഹുവിനോടാണോ? ഖലീഫയോടാണോ? ഞാനിപ്പോഴും ഓർക്കുന്നു പറയപ്പെട്ട അമീർ എനിക്ക് ഒരു സന്ദേശം നല്കി അതായത് നിങ്ങൾ ഖലീഫയ്ക്ക് ഒരു മാപ്പ് എഴുതി തരുക, ഞാനത് ഖലീഫയുടെ മുൻപിൽ വെച്ച്, നിങ്ങൾക്ക് മാപ്പ് ലഭിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യാം. കാര്യങ്ങൾ എങ്ങനെ ചെയ്യണമെന്ന് എനിക്കറിയാം. ക്രിസ്ത്യൻ പാതിരിമാരെപോലെ, അവരുടെ മുൻപിൽ കുറ്റ

സമ്മതം നടത്തുവാൻ അവർ വരുന്നു. ഈ പുരോഹിതന്മാർ അവരുടെ തലയിൽ അനുഗ്രഹിച്ച് അല്പം ജലം ഒഴിക്കുന്നു. ഇപ്പോൾ നിങ്ങളുടെ എല്ലാ പാപങ്ങളും പൊറുത്തിരിക്കുന്നു. ഖലീഫ നാലാമനും ഖലീഫ അഞ്ചാമനും അവരുടെ ഡപ്യൂട്ടി ചീഫ്മാരും കരുതുന്നു അവർക്കിതിന് അധികാരമുണ്ടെന്ന്! അവരും ക്രിസ്ത്യൻ പാതിരിമാരെ പോലെ!! അവർ ഭൂമിയിലെ ദൈവമാണെന്ന് കരുതുന്നു.

## WEDDING/FUNCTIONS,BOYCOTT AND SANCTION

## വൈവാഹിക പരിപാടികൾ, നിസ്സഹകരണവും, പിഴചുമത്തലും!

ജമാഅത്ത് അഹ്മദിയ്യാ അൽമുസ്ലിംമീനിൽ ഈ അടുത്ത സമയത്ത് രണ്ട് വിവാഹങ്ങൾ നടന്നു. പൈലസിലുള്ള, കലയുടെ (അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്) രണ്ടു കുട്ടികൾ വിവാഹിതരായി. അതിലേക്ക് ഒരയൽവാസി ക്ഷണിക്കപ്പെട്ടു, അവരതിൽ പങ്കെടുത്തതിന്റെ പേരിൽ, ഈ രണ്ട് സ്ത്രീകളുടെ മേൽ നടപടി എടുക്കപ്പെട്ടു

ആ ജമാഅത്തിന്റെ തലവന്മാർ എങ്ങോട്ടാണ് പോകുന്നത്? ഹസ്രത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തുതന്നെയോ ഇത്? ഹസ്രത് മസീഹ് മൗഊദ് (അ) പഠിപ്പിച്ചത് ഇതൊക്കെയാണോ? മറിച്ച് ഹസ്രത് മസീഹ് മൗഊദ് (അ) പറഞ്ഞു. ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, എന്റെ അയൽവാസിയുടെ വീട് അഗ്നിക്ക് ഇരയായികൊണ്ടിരിക്കുകും ചെയ്യുകയാണെങ്കിൽ, ഞാൻ പ്രാർത്ഥന നിർത്തിയിട്ട്, അവിടെ ചെല്ലുകയും അവരെ സഹായിക്കുകയും ചെയ്യുന്നതാണ്. ഈ പറയപ്പെട്ട കാര്യത്തിലോ എല്ലാവരും അഹ്മദി മുസ്ലിം വിശ്വാസികൾ, അവരിൽ ചിലർ ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ചു. അവർ (പറയപ്പെട്ട മുഖ്യന്മാർ) അവരുടെ മേൽ പിഴചുമത്തുന്നു. അവർ അവരെ പുറത്താക്കുവാൻ, കല്പന പുറപ്പെടുവിക്കുന്നു. അവർ തന്നെ ബഹിഷ്ക്കരണ നടപടികൾ പുറപ്പെടുവിക്കുന്നു. അവർ തന്നെ ഇതു പറയുന്നു, നിങ്ങൾ മുന്നോട്ടു വരു, എന്നിട്ട് മാപ്പ് ചോദിക്കു. അവർ തന്നെയാണ് മാപ്പ് തരുന്നതും!

ഇപ്പോൾ നമുക്ക് കാണാം, വിവാഹസംബന്ധമായി, ഖിലാഫത്ത് സംരക്ഷകരെന്നു പറയപ്പെടുന്ന, ഇവർ ചെയ്യുന്നതെന്തെന്നു നോക്കാം. 2014 ജാനുവരി 24-ാം തീയതി വെള്ളിയാഴ്ചയാണ് പ്രസ്തുത മംഗല്യം നടന്നത്. ക്ഷണം നടത്തിയത് 2014 ജനുവരി 22 ബുധനാഴ്ച മുതൽ 2014 ജനുവരി 26 ഞായറാഴ്ചവരെ! പ്രസ്തുത ചടങ്ങിലേക്ക്, ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ചവരെയും, അഹ്മദിയ്യ ജമാഅത്തിൽ നിന്നും പുറത്താക്കപ്പെട്ടവരെയും ക്ഷണിക്കപ്പെട്ടു. ബഹിഷ്ക്കരണ ഉത്തരവ് നടപ്പിലാക്കപ്പെടേണ്ടവർ ക്ഷണിക്കപ്പെട്ടിരിക്കുന്നു. അവരെ ക്ഷണിക്കുവാൻ പാടില്ലായിരുന്നു. എന്നാൽ വധുവിന്റെ രക്ഷിതാവ് (ഉത്തരവാദപ്പെട്ടവർ) അവരെ ശ്രദ്ധിച്ചില്ല. അവർ ബഹിഷ്ക്കരണം നടപ്പിലാക്കിയില്ല. എല്ലാവരേയും ക്ഷണിച്ച്

22 ബുധനാഴ്ച മുതൽ 26 ഞായറാഴ്ച വരെ! നാല് ജമാഅത്തുകൾ വീണ്ടും ഒന്നിച്ചിരിക്കുന്നു. ക്ഷണം നടത്തിയ സ്ത്രീ മൗറിഷ്യസിലെ ജമാഅത്ത് അമീറിന്റെ ബന്ധുവാണ്. അവളുടെ സഹോദരനും, സഹോദരീ ഭർത്താക്കന്മാരും കേന്ദ്ര പ്രവർത്തന കമ്മിറ്റിയിലെ അംഗങ്ങളുമാണ്. ഈ സാഹചര്യത്തിൽ ഈ ആളുകൾ എന്തു ചെയ്യും? ഞാൻ ഈ സാഹചര്യം സസൂക്ഷമം നിരീക്ഷിക്കുകയായിരുന്നു. നിരോധിക്കപ്പെട്ടിരിക്കുന്ന ആളുകൾക്ക് ക്ഷണം നല്കിയിരിക്കുകയാണ്. അവരെ വിവാഹ ചടങ്ങിലേക്കും ക്ഷണിച്ചിരിക്കുന്നു. മൗറിഷ്യസിലെ ജമാഅത്ത് അഹ്മദിയ്യ ഹെഡ് ക്വാർട്ടേഴ്സിലാണ് പ്രസ്തുത ചടങ്ങ് നടത്തപ്പെടുന്നത്. അതായത് ദാറുസ്സലാം മോസ്ക്കിൽ അവരെല്ലാം വിജയകരമായ നിലയിൽ ദാറുസ്സലാം പള്ളിയിൽ പ്രവേശിച്ചു. ബഹിഷ്ക്കരണം ഉണ്ടോ? അതോ ബഹിഷ്ക്കരണം ഇല്ലേ?

## VICTORY TO THOSE WHOM VICTORY HAS BEEN PROMISED

## വാഗ്ദാനം ചെയ്യപ്പെട്ടവർക്കുള്ളതാണ് വിജയം

10 വർഷങ്ങൾക്ക് ശേഷം, ഒരു സ്ത്രീ, ഒരിക്കൽ അവർ ദൈവീക ദൃഷ്ടാന്തത്തിന്റെ ഭാഗമായവരാണ്. അനേകം ദൃഷ്ടാന്തങ്ങൾക്ക് അവർ സാക്ഷ്യം വഹിച്ച ശേഷം, അവർ ഈ ദൈവീക ദൃഷ്ടാന്തം ഉപേക്ഷിച്ചു പോയി. അതു കഴിഞ്ഞ് വളരെ വർഷങ്ങൾക്കു ശേഷം, മുന്നോട്ട് വെച്ച പ്രസ്തുത വാദമുഖങ്ങളെകുറിച്ച് അവർ വീണ്ടും ചിന്തിക്കുകയുണ്ടായി, എന്നിട്ടവർ ഒരു ഉറച്ച തീരുമാനത്തിലെത്തുകയുണ്ടായി, എന്തുതന്നെ ആയാലും ഇക്കാലമത്രെയും കുന്നുകൂട്ടിവെച്ചിരുന്ന ഒഴുകുന്ന ഹിമക്കുന്നിനെ പൊട്ടിക്കുവാൻ തന്നെ തീരുമാനിച്ചു, ഇസ്ലാം പഠിപ്പിച്ചിതനുസരിച്ചുള്ള ഒരു അനുരഞ്ജനത്തിനായി മുന്നോട്ടു നീങ്ങി. ഇത് പ്രസ്തുത സ്ത്രീക്ക് അനുകൂലമായ മുന്നോട്ടുള്ള ഒരു നീക്കം തന്നെയായിരുന്നു. തീർച്ചയായും ഖുർആനും സുന്നത്തും പ്രസ്താവിച്ചതുപോലെ, മുസ്ലിംകൾക്കിടയിൽ അനുരഞ്ജനത്തിനായി ഒരാൾ ഒരു അടി മുന്നോട്ടു വെച്ചാൽ, അപ്പോൾ അവന്/അവൾക്ക് അവരുടെ പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്. അത്തരം ഒരു അനുരഞ്ജനത്തിനായി, പ്രസ്തുത സ്ത്രീ, സ്വീകരിച്ച നടപടിയുടെ ഉദ്ദേശം ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹു(ത) തന്നെയാണ്. നമുക്ക് പ്രാത്ഥക്കാം, അല്ലാഹു(ത) അവർക്ക് മാപ്പ് ചെയ്യട്ടെ. അല്ലാഹുവിനോട്, അവളെ ചേർത്തു നിർത്തട്ടെ! അവരുടെ ജീവിതം നന്നാക്കുന്നതിനായി അല്ലാഹു(ത) അവരുടെ മേൽ അനുഗ്രഹം ചൊരിയട്ടെ! അങ്ങനെ അവളിൽ എല്ലാ ഭാഗത്തുനിന്നും, എല്ലാ നിലയിലും, ഇസ്ലാമിന്റെ ശ്വസനം നടക്കട്ടെ! അങ്ങനെ അല്ലാഹുവിൽ നിന്നുള്ള സമാധാനം അവർക്ക് കരഗതമാകട്ടെ!

ഇത് പ്രസ്തുത സ്ത്രീയുടെ അംഗീകാരം തന്നെയാണ്, എന്നാൽ (1) ഇപ്പോൾ ഇപ്പോഴത്തെ അമീറും, അദ്ദേഹത്തിന്റെ മുല്ലാക്കളും, ഖലീഫയും

എന്തു ചെയ്യും? എന്നാൽ, ഓ! അവർ അതാ ഒരു വലിയ പാപം ചെയ്തിരിക്കുന്നു. അല്ലേ? ഇതെത്രകഠോരമായിരിക്കുന്നു! പരസ്യമായി കല്ലെറിയാൻ നിങ്ങൾ, ഇതുവരെ തയ്യാറായിട്ടില്ല! നിങ്ങളെന്തു ചെയ്യും? പ്രസ്തുത സ്ത്രീയെ ബഹിഷ്ക്കരിക്കുക, അവളുടെ മകളുടെ വിവാഹത്തിന് അവർ 2014 ജനുവരി 26ന് വിവാഹ പാർട്ടി സംഘടിപ്പിച്ചപ്പോൾ ചിലർ പിന്മാറിയതുപോലെ! വിവാഹക്ഷണക്കത്തിൽ കാണിച്ചിരുന്ന പ്രകാരം, ദാദുസ്സലാമിൽ, വിവാഹത്തിനും, വിവാഹനന്തര പരിപാടികളിലും, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങൾ പങ്കെടുത്തത് ഈ ആളുകൾ കണ്ടു. അവരുടെ സാന്നിധ്യം അവർ അവിടെ കുറിച്ചു വെച്ചു. ഈ പറയപ്പെട്ട വലിയ കുടുംബക്കാർ, പ്രവർത്തക സമിതിയിലെ വലിയ അംഗങ്ങൾ, തുടങ്ങിയ എല്ലാവരും അവിടെ സന്നിഹിതരായിരുന്നു. എല്ലാവരും അവിടെ ഒരുമിച്ചിരുന്നു. ഒരു മേശയിൽ നിന്ന് ഭക്ഷണം കഴിച്ചു. എല്ലാ കാര്യങ്ങളും മംഗളമായി അവസാനിച്ചു. 2014 ജനുവരി 26 ഞായറാഴ്ച വരെ! അങ്ങനെ അവർക്ക് പരിപൂർണ്ണമായും ബോധ്യമായപ്പോൾ, അതായത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളും അവിടെ സന്നിഹിതരായി എന്ന്! ഈ വിവാഹത്തിന് ലഭിക്കേണ്ട ഒരേ ഒരു അനുവാദം (അതിവിടെ പറയേണ്ടത് അനിവാര്യമാണ്, ഇത് സംഭവിച്ചത് വിവാഹത്തിനു ശേഷവും, ഭഷണവിതരണവും മറ്റും കഴിഞ്ഞതിനുശേഷവും എല്ലാവരും പോയി കഴിഞ്ഞതിനുശേഷവും, അഹ്മദികളും, പ്രവർത്തകസമിതി അംഗങ്ങളും എഴുന്നേറ്റ് ഡൊമെയ്നി അന്നായിലെ വിവാഹ സ്വീകരണത്തിൽ പങ്കെടുക്കാതെ, പോകേണ്ടതായിരുന്നു. അവിടെ അവർ ചെന്നത് ഭക്ഷണം കഴിക്കാനായിരുന്നു. ഭക്ഷണം കഴിക്കാതെ അവർ അവിടെ വിടേണ്ടതായിരുന്നു. അവർ ഭക്ഷണം സ്വീകരിക്കാതെ ഭക്ഷണത്തോട് അവർ നിസ്സഹകരണം ഏർപ്പെടുത്തേണ്ടതായിരുന്നു?

എന്നാൽ, പ്രസ്തുത ദിവസം അല്ലാഹു(ത) വെളിപാടുകൾ ഇറക്കി, വ്യക്തമായ നിർദ്ദേശങ്ങളും നല്കി. പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുവാൻ ക്ഷണം ലഭിച്ച (ജമാ അത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങൾക്ക്) അവസാന ദിവസത്തെ വൈവാഹിക സ്വീകരണ ചടങ്ങിൽ നിങ്ങൾ പങ്കെടുക്കരുത് എന്ന്! അല്ലാഹു(ത) അത് ബഹിഷ്ക്കരിക്കുവാൻ പറഞ്ഞില്ല. എന്നാൽ നിശ്ചയമായും, അവന്റെ അറിവിൽ നിന്ന് അത്തരം ഒരു നിർദ്ദേശം അവിടെ പോകാതിരിക്കുവാൻ നല്കുകയുണ്ടായി.

പിന്നീട്, ഈ ദൈവീക നിർദ്ദേശത്തിന്റെ, അറിവ് നമുക്ക് മനസ്സിലായി, ദൈവീകദൃഷ്ടാന്തത്തിൽ വിശ്വസിച്ച അംഗങ്ങളെ അവിടെ കണ്ടാൽ, (അതായത് പ്രസ്തുത വിവാഹ സ്വീകരണ ചടങ്ങിൽ, മറ്റു ദിവസങ്ങളില്ലാം അവർ അവിടെ ഉണ്ടായിരുന്നു) ഖിലാഫത്ത് സംരക്ഷകരെന്ന് അവകാശപ്പെടുന്നവർ, അവസാനത്തെ പരിപാടി ബഹിഷ്ക്കരിക്കുവാൻ തീരുമാനിച്ചിരുന്നു. വൈവാഹിക സ്വീകരണസദ്യയിൽ പങ്കെടുക്കാതെ പോവു

ക. എന്നാൽ അവരുടെ പദ്ധതി പാളിപോയി (ഒരു ഫലവുമില്ലാതെ അവർ അവിടം വിട്ടുപോയി) പ്രസ്തുത സ്വീകരണചടങ്ങിൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ആരും തന്നെ പങ്കെടുത്തതുമില്ല! അല്ലാഹു(ത) യുടെ ബുദ്ധി അപാരം തന്നെ! അൽഹംദുലില്ലാഹ്

## TO SANCTION, OR NOT / പിഴ ഉണ്ടോ? അതോ ഇല്ലയോ?

മൂസാ അവർകളും സെൻട്രൽ കമ്മിറ്റി അംഗങ്ങളും, അഹ്മദികൾക്കെതിരിലും, പ്രവർത്തക സമിതി അംഗങ്ങൾക്കെതിരിലും, 2014 ജനുവരി 24-26 തീയതികളിൽ നിക്കാഹിലും വൈവാഹിക പരിപാടികളിലും പങ്കെടുത്തതിന്റെ പേരിൽ നടപടികൾ കൈക്കൊണ്ടാൽ എന്താകും അനന്തര ഫലം? അദ്ദേഹം സത്യത്തിൽ വിഷമാവസ്ഥയിലായി അത് ഇസ്ലാമിന്റെ പേരിൽ ആയിരിക്കല്ലല്ലോ. മൂസായും, അദ്ദേഹത്തിന്റെ സെൻട്രൽ കമ്മിറ്റി അംഗങ്ങളും, പ്രസ്തുത സ്ത്രീക്കും അതിൽ പങ്കെടുത്ത അഹ്മദികൾക്കുമെതിരിൽ നടപടികൾ കൈകൊള്ളുന്നില്ലെങ്കിൽ, ഈ കാര്യത്തിൽ അദ്ദേഹവും സംഘവും വിഷമത്തിലായി. മുൻകാലങ്ങളിൽ മറ്റു അഹ്മദികളുടെ മക്കളുടെ വിവാഹസമയത്ത് ഇത്തരം അനുവാദമില്ലായിരുന്നു. അത് തികച്ചും അനീതിപരമായ കാര്യമാണ്. അഹങ്കാരികളും പാരുഷ്യക്കാരുമായ ഇവർ തങ്ങളെ വിഡ്ഢികളാക്കുകയായിരുന്നു. (ഖിലാഫത്തു സംരക്ഷകരായ ഈ പറയപ്പെട്ട മഹാന്മാർ) ജമാഅത്ത് അഹ്മദിയ്യ അൽമുസ്ലിംമീൻ കാർ ആഘോഷിച്ച പ്രസ്തുത വിവാഹചടങ്ങിൽ പോകാൻ അനുവദിച്ചത് വളരെ അനീതി പരമായി പോയി. പോകാൻ അനുവാദം നല്കിയതും തെറ്റായിപോയി. ജമാഅത്തിൽ നിന്നും പ്രവർത്തകസമിതിയിൽ നിന്നും അവരുടെ പേരുകൾ നീക്കം ചെയ്യേണ്ടതാണ്. കടുത്ത അനീതി!!! അവരെന്തു ചെയ്യും? ഇസ്ലാമിലെ എല്ലാ ജമാഅത്തുകളിലുമുള്ള അവരുടെ കുടുംബാംഗങ്ങളെയാണ് അവർ ക്ഷണിച്ചത്! പ്രസ്തുത സ്ത്രീക്ക് പിഴയിടാമോ? ഇനി അവർക്ക് പിഴചുമത്തിയാൽ ഏതു രീതിയിലുള്ള പിഴയാണ് അവർ സ്വീകരിക്കുക? അവർ പ്രവർത്തക സമിതിയിലെ ഒരംഗമല്ല. പിന്നെ എങ്ങനെയാണ് അവർക്ക് പിഴ ഇടുന്നത്? നിസാമെ ജമാത്തിൽ നിന്നും പുറത്താക്കിയാലോ? മൗറിഷ്യസിലെ ജമാഅത്ത് അമീർ മൂസാതാജുമായി കുടുംബ ബന്ധമുള്ളവരാണവർ! അദ്ദേഹത്തിന് അത് വെറുപ്പുണ്ടാക്കുമോ? ഇത് അദ്ദേഹത്തിന്റെ സഹോദരഭാര്യയേയും മരുമകളെയും ബാധിക്കുന്ന പ്രശ്നവുമാണ്! അവർക്ക് പിഴയിടാമോ? അവരെ പുറത്താക്കാമോ? അദ്ദേഹം എന്തുചെയ്യും?

അതുകൊണ്ട്, അല്ലയോ എന്റെ പ്രീയപ്പെട്ട അഹ്മദീ സഹോദരന്മാരെ സഹോദരിമാരെ!നിങ്ങളുടെ അവകാശങ്ങളെകുറിച്ച് നിങ്ങൾ ബോധവാന്മാരാകുക! അല്ലാഹുവും അവന്റെ റസൂലും അനുവദിച്ചു തന്ന അവകാശങ്ങൾ! ഇസ്ലാമിൽ ഇല്ലാത്ത നൂതനാശയങ്ങൾ കൊണ്ട്ു വരുന്ന ഇത്തരം

മന്ദബുദ്ധികളെ അവഗണിക്കുക, ഈ പറയപ്പെട്ട വലിയ കുടുംബങ്ങളെയും മതപരമായ കാര്യങ്ങളിൽ പ്രസ്തുത ഉന്നതബുദ്ധിമാൻമാരെയും, നിങ്ങൾ ഇനിയും, എത്രകാലം നിങ്ങളെ വിഡ്ഢികളാക്കാൻ അനുവദിക്കും? അല്ലാഹു അനുവദിച്ചതിനെയും നിരോധിച്ചതിനെയും സ്വീകരിക്കാതെ!

ജമാത്തിലെ പിഴ ചുമത്തപ്പെട്ടവരുടെ ചന്ദയും മറ്റു സംഭാവനകളും സ്വീകരിക്കേണ്ടതില്ല എന്നതു സംബന്ധമായി ഖലീഫ അദ്ദേഹത്തിന്റെ വക്കീലെ ആലായിലൂടെ നല്കപ്പെട്ട ഉത്തരവ് സംബന്ധമായി നിങ്ങളുടെ ശ്രദ്ധകൊണ്ടു വരുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവർ വലിയ വാക്കുകൾ സംസാരിക്കുന്നവരാണ്. ഇത്തരം ആളുകളുടെ പണം സ്വീകരിക്കേണ്ടതില്ല. എന്നാൽ വ്യക്തിപരമായി ഞാൻ മനസ്സിലാക്കുന്നു, അവർ, ഇവരുടെ പണം, വലിയ സന്തോഷത്തോടെ സ്വീകരിക്കുന്നു. അവർ പറയുന്നു അവർക്ക് നമ്മുടെ പണം ആവശ്യമില്ലെന്ന്! എന്നാൽ മറുവശത്തു കൂടി, നമ്മുടെ സംഭാവന പണമായി അവർ തങ്ങളുടെ കയ്യിൽ സൂക്ഷിക്കുന്നു. എന്തുകൊണ്ട്? ഇത്തരം ചതിയന്മാർ വരുകയും ജമാഅത്തിന്റെ ഖജനാവ് കാലിയാക്കുകയും ചെയ്യുന്നു. അങ്ങനെ ജമാഅത്തിലെ സ്വാധീനമുള്ള വലിയവർക്കും, ധനവാന്മാർക്കും, ജമാഅത്തിന്റെ പണം കൊണ്ട്, അവർക്ക് സ്വയം സന്തോഷിക്കുവാൻ കഴിയുന്നു, ജമാഅത്തിലെ ജീവനക്കാർക്ക് അവർ ശമ്പളം കൃത്യമായി നല്കുന്നുണ്ടോ?

## ZULUM (INJUSTICE) ON THE WORKERS OF THE JAMAAT OF HAZRAT MASSIH MAUD(AS)

## ഹസ്രത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിലെ ജീവനക്കാരോട് അനീതിപരമായി പെരുമാറുന്നു

ദേശീയ അന്തർദേശീയ തലത്തിൽ ജമാഅത്ത് അഹ്മദിയ്യായിലെ ജനങ്ങളോട് അനീതിപരമായി പെരുമാറുന്നത് വളരെ ദൗർഭാഗ്യകരമായ കാര്യമാണ്. ഈ ആളുകൾ പറയുന്നത് നിങ്ങൾ കണക്കിലെടുക്കുമ്പോൾ (അതായത് ഖിലാഫത്ത് സംരക്ഷകരെ) നിങ്ങൾക്ക് മനസ്സിലാകും അവരുടെ വാക്കും പ്രവർത്തിയും യോജിച്ചു പോകുന്നതല്ലാ എന്ന്! അവർ പ്രബോധിക്കുന്നത് അവർ പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതല്ല. ഇപ്പോൾ നിങ്ങൾക്ക് എന്നോട് ചോദിക്കാം. ജമാഅത്ത് അഹ്മദിയ്യായിലെ ഈ ആളുകൾ എന്ത് അനീതിയാണ് ചെയ്യുന്നത്? നാം സ്വയം തന്നെയാണ് അതിന്റെ ഉദാഹരണം. ജമാഅത്തിനു വേണ്ടി കുറെ ആളുകൾ ജോലി ചെയ്തു. മറ്റിടങ്ങളിൽ അവർക്ക് ലഭിക്കുമായിരുന്ന നല്ല ജോലികളെക്കാൾ, അവർ മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിലെ ജോലികൾ ചെയ്യുന്നതിന് മുൻഗണന കൊടുത്തു, എന്നാൽ ഈ ദിനങ്ങളിൽ ഇന്നിതാ, അവരെ, അവരുടെ ജോലിയിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു. അവർ രാവും പകലും ജമാഅത്തിനു വേണ്ടി സേവനം ചെയ്തവരാണ്. അതിനവർക്ക് ഓവർടൈം അലവൻസോ, ശമ്പളവർദ്ധനവോ ലഭിച്ചിട്ടുമില്ല. ഇന്നത്തെ അവസ്ഥ

എന്താണ്? ഇന്ന് നിങ്ങൾക്ക് കാണാൻ കഴിയും, ഒരാൾ കാണിക്കാൻ വേണ്ടി ജോലി ചെയ്യുന്നു. എല്ലാ ജോലികളും പ്രശ്നങ്ങളും മിനിട്ടുകൾക്കകം ചെയ്തു തീർക്കുന്നു. അവൻ അലസതയുടെ രാജാവാണ്. അവൻ ജനങ്ങളെ വെണ്ണപുരട്ടാൻ ശ്രമിക്കുകയാണ്.

വിശിഷ്യ വലിയ ആളുകളെയും, പണക്കാരെയും, അതുകൊണ്ടു തന്നെ അവന്റെ ശമ്പളം പ്രത്യേകമാക്കുന്നു. കാരണം, ഈ വലിയ ഉദ്യോഗസ്ഥരുമായി, അവന് പ്രത്യേകമായ ഒരു ബന്ധമാണുള്ളത്. മറ്റു ആളുകളെ സംബന്ധിച്ചിടത്തോളം, അവര് കഠിനമായി അധ്വാനിക്കണം, അവരുടെ ശമ്പളത്തിന് ഒരു വർദ്ധനവുമില്ല. ഇത് സമ്പൂർണ്ണമായും അനീതിയാണ് ഈ അനീതിയ്ക്ക് ഞാൻ തന്നെ സാക്ഷിയാകുന്നു. ഞാൻ 1987 നവംബർ 12 മുതൽ 2000 ഡിസംബർ 31വരെ ജമാഅത്ത് അഹ്മദിയ്യാക്ക് വേണ്ടി ജോലി ചെയ്തിട്ടുണ്ട്.

ഇത് ജമാഅത്തിന്റെ ജോലിയാണ് എന്ന് പറഞ്ഞു ജനങ്ങളുടെ വിചാരവികാരങ്ങൾ വെച്ചു കളിക്കുകയായിരുന്നു. നമുക്ക് (ജമാഅത്തിന്റെ ജോലിക്കാർ) സംരക്ഷിക്കപ്പെടേണ്ട കുടുംബം ഇല്ലാത്തതുപോലെ ! നമുക്ക് ചില വഴിക്കുവാൻ ഒന്നും വേണ്ടാത്തതുപോലെയാണ് പെരുമാറുന്നത്.. അതേ സ്ഥാനത്ത് വലിയ ബോസ്മാർക്ക് അവർക്ക് ഇഷ്ടപ്പെടുന്ന നിലയിൽ പ്രവർത്തിക്കുവാനുള്ള അവസരവും ലഭ്യമാകുന്നു. നിസാമെ ജമാഅത്തിൽ നിന്നും ഞാൻ പുറത്താക്കപ്പെട്ടപ്പോൾ, കാരണം, എനിക്ക് വെളിപാടുകൾ ലഭിക്കുന്നു എന്ന് പറഞ്ഞ കാരണത്തലാണ്.(ഞാൻ പുറത്താക്കപ്പെടുന്നത്) ജമാഅത്തിൽ നിന്നു മാത്രമല്ല പുറത്താക്കിയത്, ഞാൻ ചെയ്തുകൊണ്ടിരുന്ന ജോലിയിൽ നിന്നും എന്നെ പുറത്താക്കി. മുൻകൂർ നോട്ടീസ് നല്കാതെ എന്നെ പിരിച്ചുവിട്ടതിലൂടെ എന്റെ ജീവിതോപാധിയും പരുങ്ങലിലായി. എന്റെ ജോലി സംബന്ധമായി ഞാൻ അവർക്ക് മൂന്ന് കത്തുകൾ എഴുതി. എന്റെ അവസാന കത്തിൽ ഞാൻ അവർക്കൊരു അന്ത്യശാസനം നല്കി. അപ്പോൾ അവർ എനിക്ക് മറുപടി നല്കി അതായത് ജമാഅത്ത് നിങ്ങൾക്കു എക്സ് ഗ്രേഷ്യാ തരുവാൻ തീരുമാനിച്ചിരിക്കുന്നു. അവരുടെ എക്സ് ഗ്രേഷ്യായുടെ ആവശ്യം എനിക്കില്ല. എനിക്ക് വേണ്ടത് എന്റെ ജോലികൂലിയാണ്.

ഈ വിഷയത്തിൽ ഇന്നുവരെയും അവർ നിശ്ശബ്ദത പാലിച്ചു. ചെകിടുപൊട്ടരായി കളിച്ചു. ഈ ആളുകൾ വലിയ വലിയ സ്ഥാനത്തിരിക്കുന്നു. ഭൗതിക ജോലികൾക്ക് അവർ നല്ല ശമ്പളം നല്കുന്നു. അവിടെ അവർക്ക് ധാരാളം പണം ലഭിക്കുന്നു, ആനുകൂല്യങ്ങൾ ലഭിക്കുന്നു, ബഹുമതികൾ ലഭിക്കുന്നു. ശമ്പളമില്ലാതെ അവധി എടുക്കുന്നതിന് അവർക്ക് അവിടെ ഒരു പ്രശ്നവുമില്ല. എന്നിട്ട് കൂടുതൽ ശമ്പളം കിട്ടുന്ന ജോലിക്കായി വിദേശത്തേക്ക് പോവുകയും ചെയ്യാം. അവരുടെ കുട്ടികളുടെ ജീവിതം കരുപ്പിടിപ്പിക്കുന്നതിനാവശ്യമായ കാലത്തോളം അവർക്ക് ജോലിചെയ്യാം. തിന്നാൻ

ആമാശയം ഉള്ളവർ അവർ മാത്രമേ ഉള്ളൂ എന്നപോലെ !! ജമാഅത്തിലെ ജോലിക്കാർ അല്പ കാശിനായി പണി എടുക്കണം. ഇതൊന്നും അവരെ ബാധിക്കുന്ന കാര്യമല്ല. അവരുടെ പ്രശ്നവുമല്ല.

ഇപ്പോൾ നാം 2014ലാണ്. എന്റെ ജോലി സംബന്ധമായി അവരിൽ നിന്നും ഒരു മറുപടിയുമുണ്ടായില്ല. ജമാഅത്ത് അഹ്മദിയ്യായ്ക്കായി ഞാൻ വളരെകാലം ജോലി ചെയ്യുകയുണ്ടായി. അവരുടെ ഈ പറയപ്പെട്ട നിയമ ഉപദേശകരോട് അവർ ഉപദേശം തേടി. എന്നാൽ പ്രസ്തുത നിയമോപദേശകർക്ക് അല്ലാഹു(ത) അവരുടെ ജീവിതത്തിൽ, വളരെ വലിയ തടസ്സങ്ങൾ ഇട്ടുകൊടുത്തു! മാത്രമല്ല അവർ സ്വയം സംസ്ക്കരിക്കുന്നതുമില്ല!! അല്ലാഹു(ത) അവന്റെ വിധിനടപ്പിലാക്കുന്നതുവരെ കാത്തിരിക്കുക. കുട്ടികളെ പഠിപ്പിക്കുന്ന മദ്രസ്സ അധ്യാപകരുണ്ട്. അവർക്ക് മാസം വേതനമായി കൊടുക്കുന്നത് പ്രതിമാസം വെറും 1000 രൂപയാണ്. 2014ൽ ജീവിത സൂചിക വളരെ ഉയർന്ന ഒരു സമയമാണ്. ഈ മന്ദബുദ്ധികൾക്ക് അവരുടെ കാര്യമല്ലാതെ മറ്റാരുടെയും കാര്യമറിയില്ല. ഇത്തരം മറ്റു പല സംഭവങ്ങളും സാഹചര്യങ്ങളും നിലവിലുണ്ട്. വളരെ ദൈർഘ്യമുള്ളതാണത്.

മറുവശത്ത് ജമാഅത്തിന്റെ ഖജനാവ് കാലിയാക്കുന്ന ഒരു വിഭാഗം ആളുകൾ! അല്ലാഹുവിന്റ മാർഗത്തിൽ അഹ്മദികൾ നല്കിയ ധനം, അവർ വിയർപ്പു ചിന്തി സമാഹരിച്ച ധനം, ത്യാഗം, കട്ടുമുടിക്കുന്നവർ, അവർ പണം മോഷ്ടിക്കുകയാണ്, എന്നാൽ ഇതൊക്കെ രഹസ്യമാക്കപ്പെട്ടിരിക്കുന്നു. മുകൾ തട്ടിലുള്ളവർ ഈ പണമൊക്കെ മെല്ലെ വിതരണം ചെയ്യുകയാണ്. ഇത്തരത്തിലുള്ളവർ ഇപ്പോഴും മേലേതട്ടിലുണ്ട്, ജമാഅത്തിലുണ്ട്, അവർക്കെതിരിൽ ഒരു നടപടിയുമില്ല. ഒരു ബഹിഷ്ക്കരണവുമില്ല! അവർ ഇപ്പോഴും ഉന്നതനിലവാരത്തിൽ തന്നെയാണ്! ആയതിനാൽ ഞാൻ, ആ ആളുകളോട് പറയുകയാണ്, ഇത്തരം ആളുകൾ ഉയരങ്ങളിൽ നിന്നും ഉയരങ്ങളിലേക്ക് ഉയർത്തുക, അല്ലാഹു(ത) അവരെ ഉന്നതങ്ങളിൽ നിന്ന് വീഴ്ത്താൻ ഉദ്ദേശിക്കുമ്പോൾ, അവർ ഒരു രക്ഷാമാർഗവും കണ്ടെത്തുകയില്ല. കാരണക്കാരാകുന്നവർ ശ്രദ്ധിക്കുക!

നിരപരാധികളെ പ്രയാസപ്പെടുത്തുകയാണെങ്കിൽ അവരെ പീഡനങ്ങളേല്പിക്കുകയാണെങ്കിൽ കണ്ണുള്ളവർ കാണട്ടെ! അവരുടെ ശിക്ഷയുടെ ദൃശ്യം! അവർ കണ്ടിരുന്നെങ്കിൽ!

അല്ലാഹു അതികഠിനമായി ശിക്ഷിക്കുന്നവനാണ്

നേർവഴിക്കുപകരം, അവരുടെ കാഠിന്യത്താൽ, അവർ തെരഞ്ഞെടുത്തത് വളഞ്ഞ വഴിയാണ് അവരുടെ തെറ്റായ തീരുമാനത്തിൽ കടുംപിടുത്തമുള്ളവരാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ ദൈവീക മാപ്പിന് പകരം അവർ ദൈവീകശിക്ഷയ്ക്കാണ് മുൻഗണന കൊടുത്തത്!

## TO PONDER UPON / നല്ലതുപോലെ ചിന്തിക്കുക

ഓരോ നൂറ്റാണ്ടിലും അല്ലാഹുവിനെയും അവന്റെ ദൂതനെയും നിരാകരിച്ചിട്ടുള്ള മനുഷ്യരുണ്ട്. അവർ ഭൂമിയിൽ എല്ലാവിധ കുഴപ്പങ്ങളും ഇളക്കി വിടുവാൻ എല്ലാ വിധ ശ്രമങ്ങളും നടത്തുന്നവരായിരുന്നു. അങ്ങനെ അവർ ദൈവീക വിളവെടുപ്പ് നശിപ്പിക്കുന്നു. സത്യാന്വേഷികളെയും അവർ നശിപ്പിക്കുവാൻ ശ്രമിക്കുന്നു. അവരുടെ പ്രവർത്തിയെയും അവരെയും അല്പം പോലും അല്ലാഹു ഇഷ്ടപെടുന്നില്ല എന്നവർ അറിയുന്നില്ല. ഇത്തരം ആളുകൾ, അവർക്ക് ദൈവീക സന്ദേശം നല്കുമ്പോൾ, ക്രൂരമായ ഒരു കാഠിന്യം അവരെ കീഴ്പ്പെടുത്തുന്നു. അങ്ങനെ അവർ നരകാഗ്നികൊണ്ട് തൃപ്തി അടയുന്നു. ഈമാൻ ഇല്ലാത്തവർ, ഇഹലോക ആകർഷങ്ങളിൽ സംതൃപ്തരാണ്. വിശ്വാസികളെ അവർ പരിഹസിക്കുകയും ചെയ്യുന്നു. മാത്രവുമല്ല വിശ്വാസികളുടെ മേൽ എല്ലാവിധ ന്യൂനതകളും അവർ ചാർത്തി കൊടുക്കുന്നു. അവർ എല്ലാ വിധ മോശവാക്കുകളും പ്രയോഗിക്കുന്നു. കുറ്റപ്പെടുത്തുന്നു. എന്നാൽ കഷ്ടം! അവരറിയുന്നില്ല. അല്ലാഹു അവന്റെ അനുഗ്രഹം അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ സമ്മാനിക്കുന്നു സംശയലേശമന്യേ അല്ലാഹുവിന്റെ സഹായം വളരെ സമീപത്താകുന്നു.

വിശുദ്ധഖുർആൻ പറഞ്ഞിരിക്കുന്നു. അല്ലാഹുവിനെയും അവന്റെ ദൂതനെയും എതിർക്കുന്നവരാരോ അവർ തീർച്ചയായും ഏറ്റവും നിന്ദ്യരായവരിൽപെട്ടവരാണ്. ഞാനും എന്റെ ദൂതന്മാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹുവിധി എഴുതിയിരിക്കുന്നു. തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനുമാകുന്നു.

അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ഒരു കൂട്ടർ, അല്ലാഹുവിനെയും അവന്റെ ദൂതനെയും എതിർക്കുന്നവരുമായി സൗഹൃദം പുലർത്തുന്നത് നീ കാണുകയില്ല. അവർ (അല്ലാഹുവിനെയും അവന്റെ ദൂതനെയും എതിർക്കുന്നവർ) സ്വപിതാക്കളോ, സ്വസഹോദരങ്ങളോ, സ്വകുടുംബ ബന്ധുക്കളോ ആയാലും ശരി, അത്തരക്കാരാകട്ടെ (ആ വിശ്വാസികൾ) അല്ലാഹു അവരുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം എഴുതിവെയക്കുകയും തന്റെ പക്കൽനിന്നുള്ള വചനം കൊണ്ട് അവരെ അവൻ പ്രബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവരെ അവൻ താഴ്വോരത്തു കൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്യും. അവർ അവിടെ ശാശ്വതവാസികളായിരിക്കും. അല്ലാഹു അവരെ കുറിച്ച് തൃപ്തനായിരിക്കുന്നു അവർ അവനെകുറിച്ചും തൃപ്തരായിരിക്കുന്നു അവർ അല്ലാഹുവിന്റെ സംഘമത്രെ അറിയുക. അല്ലാഹുവിന്റെ സംഘം തന്നെയാണ് വിജയികൾ (58: 21-23)

## CONCLUSION / ഉപസംഹാരം

ഭൂമിയിലെ ജീവിതം/വിനോദം അത് വെറും താത്ക്കാലികം മാത്രമാണ്. മരണാനന്തരം ജീവിതമാണ് കൂടുതൽ മെച്ചമായത്. അത് അല്ലാഹുവിനെ മാത്രം ഭയപ്പെടുന്നവർക്കുള്ളതാണ്. അഹങ്കാരികളെ ഭയപ്പെടുന്നവർക്കുള്ളതല്ല അത്. ജനഹൃദയങ്ങളിൽ ശത്രുത കൊത്തിവെയ്ക്കുന്നവർക്കുള്ളതല്ല അത്. അധികാര കസേരയിൽ ഇരിക്കുമ്പോൾ അവരുടെ പണിയാണത്. മനുഷ്യൻ മനുഷ്യനോട് അനീതി ചെയ്യുന്നു. എന്നാൽ അല്ലാഹു(ത) അശേഷം അനീതി പ്രവർത്തിക്കുന്നില്ല.

അല്ലാഹു(ത) നമുക്ക് ഗ്രന്ഥം സത്യവുമായി ഇറക്കി തന്നു. ആയതിനാൽ നാം, അതുകൊണ്ട്, ജനങ്ങൾക്കിടയിൽ നീതിപൂർവ്വം വിധിക്കണം. എന്നാൽ അത്ഭുതമെന്നു പറയട്ടെ, ജമാഅത്തിൽ, അവരുടെ ദുഷ്ടപദ്ധതികൾ മറച്ചുവെയ്ക്കുവാൻ അവർ ശ്രമിച്ചു കൊണ്ടിരിക്കുന്നു. മറ്റുള്ളവർ ചെയ്യുന്ന ഗുരുതരമായ തെറ്റുകളെ മൂടിവെയ്ക്കുന്നു. അവർക്ക് അല്ലാഹുവിനെ യാതൊന്നും മറച്ചുവെയ്ക്കുവാൻ സാധിക്കുകയില്ല എന്നതിനെപറ്റി അവർ ചിന്തിക്കുന്നില്ല. മറിച്ച് അല്ലാഹു അവരെയും അവർ ചെയ്യുന്ന എല്ലാ കാര്യങ്ങളെയും വലയം ചെയ്തിരിക്കുന്നു.

നിങ്ങൾ ഇത്തരം ആളുകളെ സംരക്ഷിക്കുവാൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. അവരുട പദ്ധതികളെ മറച്ചു വെയ്ക്കുന്നു. കാരണം അവരെല്ലാം വലിയ കുടുംബങ്ങളിൽ പെട്ടവരായതുകൊണ്ടു മാത്രം! അവരൊക്കെ ജമാഅത്തിലെ പ്രധാനപ്പെട്ട ആളുകളാണ്! എന്നാൽ (എന്നോടു പറയൂ) വിധിദിനത്തിൽ അവരുടെ തെറ്റുകൾ മറച്ചുവെയ്ക്കുവാനും അവർക്കുവേണ്ടി വാദിക്കുവാനും ആരാണവർക്കുള്ളത്? ജമാഅത്തിൽ അധികാരത്തിലിരിക്കുന്ന ഈ പറയപ്പെട്ടവർ പാപം വലിച്ചുകൂട്ടുകയാണ്. അവരുടെ തന്നെ ആത്മാക്കൾക്കായി എന്തുമാത്രം ദ്രോഹമാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അവർ അറിയുന്നില്ല! സംശയലേശമന്യേ അവർ തെറ്റുകളുടെ ഒരു ഭാരം തന്നെയാണ് അവരുടെ തലയിൽ വലിച്ചു കയറ്റുന്നത്. മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുന്നതിൽ ഒരു നന്മയുമില്ല. അവരുടെ മേൽ നടപടി എടുക്കുന്നതിലും ഒരു നന്മയുമില്ല. കാരണം അവർ നന്മയിലേക്കും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിലേക്കും ജനങ്ങളെ ക്ഷണിക്കുകയാണ് ചെയ്യുന്നത്. അവരുടെ മേൽ നിങ്ങൾ അനീതി ചെയ്യുന്നതിലും, നിസ്സഹകരണം ഏർപ്പെടുത്തുന്നതിലും ഒരു നന്മയുമില്ല എന്ന് നിങ്ങൾ തിരിച്ചറിയുക.

മറിച്ച്, അവർ നീതികല്പിക്കുകയും, ഒരേ വിശ്വാസത്തിൽപെട്ട സഹോദരങ്ങൾക്കിടയിൽ സ്നേഹം ബന്ധം ഊട്ടി ഉറപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്നെങ്കിൽ, അത് അഭിനന്ദനീയമായ കാര്യമായിരുന്നു. അത്തരം നല്ല പ്രവർത്തികൾ ചെയ്യുന്നവരെ (അകൽച്ചമാറ്റി അടുപ്പം സ്ഥാപിക്കുന്ന

വരെ) അല്ലാഹു ഇഷ്ടപ്പെടുന്നു, സ്നേഹിക്കുന്നു, അല്ലാഹു(ത) പറയുന്നു. ഞാനവന് മഹത്തായ പ്രതിഫലം പിന്നീട് നല്കുന്നതാണ്.

വിശുദ്ധഖുർആനിലൂടെ അല്ലാഹു(ത) വളരെ വ്യക്തമായി നമുക്ക് മനസ്സിലാക്കി തരികയാണ്. അല്ലയോ വിശ്വാസികളെ ! നീതി ക്കു വേണ്ടി ശക്തമായി നിലകൊള്ളുക. അല്ലാഹുവിനെ സാക്ഷിയാക്കുക! നിങ്ങൾക്കെതിരാണെങ്കിൽ പോലും, നിങ്ങളുടെ ഇഷ്ടപ്പെട്ടവർക്കെതിരാണെങ്കിലും, പണക്കാരനെതിരാണെങ്കിലും പാവപ്പെട്ടവനെതിരാണെങ്കിലും, നിങ്ങൾക്കിരുവർക്കും അല്ലാഹുവാണ് ഏറ്റവും നല്ല സംരക്ഷകൻ. ആയതിനാൽ നിങ്ങൾ നിങ്ങളുടെ ഹൃദയാഭിലാഷങ്ങളെ പിന്തുടരരുത്. നീതി ഉപേക്ഷിക്കുകയുമരുത്. നിങ്ങളുടെ സാക്ഷ്യങ്ങളെ നിങ്ങൾ വക്രമാക്കിയാൽ, അല്ലെങ്കിൽ നിങ്ങൾ സാക്ഷ്യത്തെ നല്കുന്നത് നിരസിച്ചാൽ, നിങ്ങളറിയുക! നിങ്ങൾ ചെയ്യുന്നതിനെകുറിച്ച് അല്ലാഹുവിന് നല്ലതുപോലെ അറിവുള്ളവനാകുന്നു.

നിങ്ങൾ അധികാരം കയ്യാളുമ്പോൾ, നിങ്ങൾ വിധികർത്താവായിരിക്കുമ്പോൾ അല്ലാഹു (ത) അവതിരപ്പിച്ചതുനസരിച്ച് വിധിക്കുക, (അല്ലാഹുവിന്റെ കല്പനകൾക്ക് വിരുദ്ധമായി അത്തരം ആൾക്കാരുടെ ഇംഗിതത്തിനുസരിച്ച് നിങ്ങൾ പ്രവർത്തിക്കരുത്. നിങ്ങൾ എങ്ങനെയാണ് വിധികല്പിക്കേണ്ടത്. എന്ന് നിങ്ങൾ തികഞ്ഞ സൂക്ഷമതയുള്ളവരായിരിക്കണം. ഒരാൾക്കും ഒരു മുൻഗണനയും നല്കരുത് നമുക്ക് നല്കിയിരിക്കുന്ന ദൈവീകാധ്യാപനങ്ങളെ നാം പുറകോട്ടടിക്കരുത്. ദൈവീക നിർദ്ദേശങ്ങളിൽ നിന്നും നിങ്ങൾ പിന്തിരിഞ്ഞാൽ നിങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ തെറ്റായ വിധിമൂലം നിങ്ങളെ അല്ലാഹു ശിക്ഷിക്കുവാൻ ഉദ്ദേശിക്കുകയാണ് എന്ന്. ഇതൊരു ഗുരുതരമായ പാപമാണ് എന്ന് തിരിച്ചറിയുക. മറ്റുള്ളവരുടെ വിശ്വാസത്തെ വിധിക്കുവാൻ മറ്റൊരാൾക്കും അവകാശമില്ല. അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു.

ഒരു ജനതയുടെ ദൃഢവിശ്വാസത്തെ വിധിക്കുവാൻ അല്ലാഹുവിനെക്കാൾ മറ്റാരാണുള്ളത്?

ഈ യാഥാർത്ഥ്യത്തെക്കുറിച്ച് നിങ്ങളിൽ എത്രപേരാണ് ചിന്തിക്കുന്നത്? പരിശുദ്ധഗ്രന്ഥ (ഖുർആൻ) ത്തിൽ പറഞ്ഞിട്ടുള്ള ദൈവീക നിർദ്ദേശങ്ങളെ ഇല്ലായ്മചെയ്യുവാൻ, തങ്ങൾക്കു ലഭിച്ച അധികാരത്തെ ദുർവിനിയോഗം ചെയ്തുകൊണ്ട്, ഒരുവൻ പരിശ്രമിക്കുകയാണെങ്കിൽ, അപ്പോൾ അല്ലാഹു മറ്റൊരു ജനവിഭാഗത്തെ സൃഷ്ടിക്കുന്നു, അവൻ ജനഹൃദയങ്ങളിൽ അവർ അല്ലാഹുവിനെ സ്നേഹിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ അവർ പോരാടുന്നു. അല്ലാഹു അവരെ സ്നേഹിക്കുന്നു. അവർ എവിടെ ആയിരുന്നാലും അല്ലാഹു അവരോടൊപ്പമാകുന്നു. അവർ വിശ്വാസികളോട് നല്ല നിലയിൽ കരുണയോടെ വർത്തിക്കുന്നവരാകു

ന്നു. കപടവിശ്വാസികളോടും, അക്രമികളോടും, ദുർവൃത്തരോടും, അല്ലാഹുവിന്റെ കല്പനകൾക്കെതിരിൽ പ്രവർത്തിക്കുന്നവരോടും, അനീതി പ്രവർത്തിക്കുന്നവരോടും കഠിനനിലപാടു സ്വീകരിക്കുന്നവരുമാണ്. അവരാണ് അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്നവർ, ആരിൽ നിന്നും ഉണ്ടാകുന്ന ഒരു വിമർശനങ്ങളെയും അവർ ഭയപ്പെടുന്നവരല്ല. ഒരു യഥാർത്ഥ വിശ്വാസി അല്ലാഹുവിനെ മാത്രം ഭയപ്പെടുന്നവനാണ്. അവൻ മറ്റൊന്നിനെയും ഭയപ്പെടുന്നവനുമല്ല.

അല്ലെയോ അഹ്മദികളെ! നിങ്ങൾക്കു സമയമായില്ലേ? നിങ്ങൾ അനീതിയിൽ ശഠിച്ചു നില്ക്കുകയാണോ? ബനുഹാഷിമിനെതിരിലും നബികരീം (സ)ന് എതിരിലും നടപ്പിലാക്കിയ നിസ്സഹകരണം മൂന്ന് വർഷങ്ങൾക്കു ശേഷം എന്താണ് സംഭവിച്ചത് എന്ന് നിങ്ങൾക്ക് നല്കിയ അറിവ് ഉപയോഗിച്ച് ചിന്തിക്കുന്നില്ലേ? മനുഷ്യനിർമ്മിതമായ പ്രസ്തുത നിസ്സഹകരണ വിധി, പ്രസ്തുത ആളുകൾ നീക്കം ചെയ്യുവാൻ തീരുമാനിച്ചില്ലേ? അല്ലാഹുവിന്റെ ദൃഷ്ടാന്തം അവർ കണ്ടില്ലേ? പ്രസ്തുത സന്ധിയിലെ അല്ലാഹുവിന്റെ പേരും അവനെ സ്തുതിച്ച ഭാഗവുമൊഴികെ മറ്റെല്ലാം ചിതലരിച്ചത് നിങ്ങൾ കണ്ടില്ലേ? ഒരു നിമിഷം ചിന്തിക്കൂ! സമയം നഷ്ടപ്പെടുത്തരുത്! അങ്ങനെ ആയാൽ നിങ്ങൾക്ക് സമയം വളരെ വൈകി പോകും. ഈ സൂചിപ്പിച്ച വളരെ പ്രധാനപ്പെട്ട കാര്യങ്ങളെകുറിച്ച് ചിന്തിക്കുക. നിങ്ങളുടെ ജീവിതം നിങ്ങളുടെ കയ്യിലാണ്, ഖുർആനും സുന്നത്തുമനുസരിച്ച് ജീവിക്കുക. ദൈവീക നിർദ്ദേശമനുസരിച്ച് ജീവിക്കുക. മനുഷ്യനിയമങ്ങളെ കാറ്റിൽ പറത്തിവിടൂ! നിങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ വിചാരണയ്ക്കു നില്ക്കുമ്പോൾ, നിങ്ങളുടെ ഖലീഫയും, മറ്റു പറയപ്പെട്ട അഹംഭാവികളായ ആളുകളും നിങ്ങളെ സഹായിക്കുവാൻ വരുമോ? അതോ! അവർ ഭയാനകമായ പ്രസ്തുത ദിനത്തിൽ സ്വയം രക്ഷപ്പെടാനുള്ള മാർഗമന്വേഷിക്കുമോ? (അല്ലാഹുവിന്റെ മുമ്പിൽ കുറ്റവാളികളായവർക്ക് പ്രസ്തുത ദിനം വളരെ ഭയാനകം തന്നെ ആയിരിക്കും)

അല്ലാഹു(ത) ഒരുവനെ നേർമാർഗത്തിൽ നടത്തുവാൻ ഉദ്ദേശിച്ചാൽ, അവൻ അവനായി നേർവഴി ഒരുക്കുന്നതാണ്. അപ്പോൾ അല്ലാഹു(ത) സമൂഹത്തിൽ ഉണ്ടായിട്ടുള്ള എല്ലാ ചതിക്കും വഞ്ചനയ്ക്കും കാപട്യത്തിനും എതിരിൽ അവന്റെ ഹൃദയത്തെ സജ്ജമാക്കുന്നതാണ്. നേർപാതയിൽ നിന്നും വ്യതിചലിപ്പിക്കുന്ന എല്ലാ കാര്യത്തിൽ നിന്നും അവനെ മാറ്റി നിർത്തുന്നതാകുന്നു.

!!!അവസാനിച്ചു!!!

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

2014 ഫെബ്രുവരി 14 വെള്ളിയാഴ്ച വൈകിട്ട് 7.13ന് (ഇംഗ്ലീഷിൽ ലഭിച്ചത്)

## LOVE & HATE
## സ്നേഹവും വെറുപ്പും

സ്നേഹം തേടുന്നു കൂടുതൽ
ചിന്തയ്ക്കുമപ്പുറം
വെറുപ്പോ ശൂന്യം
തെറ്റായ സ്നേഹം അനന്തമാണ്
സ്നേഹം തേടുന്നൊരിടം
തൻ പ്രിയനെ കാണാൻ
പോരാടുന്നു വെറുപ്പ് വ്യവസ്ഥയ്ക്കെതിരെ
സ്നേഹിച്ചിരുന്നു നിങ്ങളതിനെ, ഒരിക്കൽ
കണ്ണുകൾ കാണുന്നു സ്നേഹത്തെ
വെറുപ്പോ മറയ്ക്കുന്നു യഥാർത്ഥ ഭാവം
പ്രതിസന്ധിഘട്ടം തിരിക്കുന്നു നമ്മിൽ
പിൻതുടരാൻ, ബുദ്ധിമാനും
ബുദ്ധിഹീനൻ കേൾക്കുന്നു വെറും ശബ്ദം
അമേയമാം സ്നേഹമെ
നിൻ കണക്കിൽ ഇതുമാത്രമല്ലോ
ചുറ്റും നടക്കുന്നതു കാണുവാൻ
ഹൃദയം തിരിക്കുന്നു സ്നേഹത്തെ
നാശം വിതയ്ക്കല്ലെ കൊടുങ്കാറ്റും
നിൻഹൃത്തം ചന്ദ്രരശ്മിയാകട്ടെ
മധുവിനെ മറക്കുന്ന ഹൃത്തടം
കഠിനമായി യത്നിക്കും, ശത്രുത
അംഗരക്ഷകൻ തൻ ചാരുതയോടെ
യജമാന മന്ത്രം
പേറുന്ന യന്ത്രം
ശത്രുത നിറയ്ക്കുന്ന പാത്രത്തെ
കാമുകൻ തൻ ഇച്ഛകൾ മാത്രം
സ്നേഹമാം ചിത്രം, പിന്നിലാക്കും
ശത്രുതയെയോ അനുകമ്പയാക്കും
ശത്രുതതൻ, ആഗ്രഹം, സ്നേഹത്തെ
ആശ്വാസമില്ലാത്ത പാനീയമാക്കാൻ
സ്നേഹം തൻ ആഗ്രഹം താഴ്ത്തുവാനാണ്
വെള്ളത്തിനടിയിൽ തൻകരങ്ങളാൽ

## THE CRIME OF FAITH
## വിശ്വാസമെന്ന കുറ്റം

ദൈവവിശ്വാസമാണെന്റെ കുറ്റം
ബന്ധിക്കൂ ! നിങ്ങളെൻ കൈകളും കാലും
നനവുള്ള, ഇരുട്ടുള്ള കൽതുറുങ്കിൽ
നിങ്ങളെനിക്കൊരു സദ്യയൊരുക്കൂ
ആകാശകോട്ടകൾ തകർത്തെറിയൂ
നിങ്ങളെൻ മൂർദ്ധാവിൽ കഴിയുമെങ്കിൽ
എൻ ധനവും, എൻ ആഹാര നീഹരാവും
എടുത്തുകൊള്ളൂ നിങ്ങൾക്കുവേണ്ടതെല്ലാം
വേട്ടനായ്ക്കളെ നിങ്ങൾ അഴിച്ചുവിടൂ,
തിരയട്ടെ അവ എന്റെ പിൻവഴിയിൽ
ശിക്ഷിക്കും ശക്തികൾ വരട്ടെ അവരെൻ
പിന്നിൽ, കുത്തിടട്ടെ അവർക്ക് കഴിയുമെങ്കിൽ
രാവും പകലും പരിശ്രമിക്കട്ടെ അവർ
ഭയമാം കയത്തിൽ കിടത്തിടാൻ എന്നെ
കാറ്റും, കൊടുങ്കാറ്റും, സംഘടിക്കട്ടെ അവ
എന്നിലെ ദൈവത്തിൽ വിശ്വാസം കാണൂ
പരിചകൾക്കെല്ലാം പരിജയമാണ്
ശക്തിയും ധൈര്യവും ചൊരിയുന്നു എന്നിൽ
കാണുന്നു ചുറ്റും കാണുന്നതെല്ലാം
ചൂടും തണുപ്പും തിരിച്ചറിയുന്നു ഞാൻ
എല്ലാം അവനിൽ അർപ്പിക്കുന്നു ഞാൻ
പരമപ്രധാനം അവൻ തന്നെയല്ലോ
അവൻ തൻ കല്പന നിറവേറ്റിടുന്നു ഞാൻ
ഞാനെന്റെ വഴിയിൽ ഗമിച്ചിടുന്നു
നിങ്ങൾക്കു പോകാം നിങ്ങൾ തൻ വഴിയിൽ
നമ്മൾ തൻ വഴികൾ വിഭിന്നമല്ലോ
ദൈവത്തിൻ തേജസ്സ് മാത്രമെൻ സൗഭാഗ്യം
നിങ്ങൾ തൻ വിധിയോ കഷ്ടമല്ലോ
സത്യത്തിൽ സത്യം വിളമ്പിടുന്നു ഞാൻ
ശിരിശൃംഗ മേലും നിങ്ങൾക്ക് കേൾക്കാം
നമ്മുടെ ശരികളും, തെറ്റുകളും സാക്ഷി
കാലം വരുന്നത് കാത്തിരിക്കൂ
ലോകം പറയും, അതു സാക്ഷി നില്ക്കും
ഞാൻ ചൊന്നതൊക്കെയും സത്യമെന്ന്
നിങ്ങൾതൻ വഴിയോ? വഴികേടിൻ വഴിയെന്ന്!

*Wassalamu ala manittab'al huda*
*"Peace on those who follow the true guidance".*

Munir Ahmad Azim
Spiritual Leader
Jamaat Ul Sahih Al Islam
16 February 2014

*Translator*
*Jamaludin Raother*